₹12

# ഗോസ്പൽ മെസഞ്ചർ

VOLUME XVI ISSUE 09 DECEMBER 2025 | ക്രിസ്തീയ കുടുംബ മാസിക




"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു"

(മത്തായി 1:21)

# EDITORIAL

## കർത്താവിന്റെ ദീർഘക്ഷമ

സംഭവബഹുലമായ ഒരു വർഷത്തിന്റെ അവസാന മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. അവസാന മാസത്തിൽ എത്തിനിൽക്കുമ്പോൾ പിന്നിട്ട 11 മാസങ്ങളിൽ ദൈവം നടത്തിയ വിധങ്ങൾ ഓർക്കാനും സ്തോത്രം ചെയ്യാനും വരുന്ന വർഷത്തേക്കുള്ള കാര്യപരിപാടികളെപ്പറ്റി ചിന്തിക്കുവാനുമുള്ള സമയമാണല്ലോ. നമ്മൾ ആഗ്രഹിച്ച് പ്രാർത്ഥിച്ച പലകാര്യങ്ങളും നടന്നില്ലെങ്കിലും നമ്മൾ ആഗ്രഹിക്കാത്ത, നിനെക്കാത്ത അനേകം കാര്യങ്ങൾ ദൈവം നൽകി. അതെല്ലാം ഓർത്ത് നമുക്ക് സ്തോത്രം ചെയ്യാം. ഈ വർഷത്തിൽ തന്നേ ലോകാവസാനം അഥവാ കർത്താവിന്റെ മേഘ പ്രത്യക്ഷത സംഭവിക്കും എന്ന രീതിയിൽ ലോകത്തിന്റെ ഗതിവിഗതികൾ അത്രമേൽ കലുഷിതമായിരിക്കുന്നു. യിസ്രായേൽ - ഹമാസ്, യിസ്രായേൽ - ഇറാൻ യുദ്ധങ്ങൾ, യിസ്രായേലിന്റെ കുവൈറ്റ് ആക്രമണം, അറബ് രാഷ്ട്രങ്ങളുടെ ഐക്യം റഷ്യ-യു.എസ് പടലപ്പിണക്കങ്ങൾ, റഷ്യ-ചൈന-ഇന്ത്യ വ്യാപാരക്കരാറുകൾ. കൂടാതെ ലോകമെമ്പാടുമുള്ള കഠിനമായ കാലാവസ്ഥാ വ്യതിയാനങ്ങളും ആ തോന്നൽ ശക്തമാക്കിയിരുന്നു. എന്നാൽ ഈ അവസാന മാസത്തിൽ എത്തിനിൽക്കുമ്പോൾ എല്ലായിടത്തും ഒരു ശാന്തത കാണപ്പെടുന്നു. ഇത് കൊടുങ്കാറ്റിന് മുമ്പുള്ള ശാന്തതയായി മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ലോക സമാധാനത്തിനു വേണ്ടി അശാന്തി ഉളവാക്കുന്ന മാർഗ്ഗങ്ങളാണ് ലോകനേതാക്കൾ ഇപ്പോൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത് എന്ന് വളരെ വ്യക്തം. നിരപരാധികൾ കൊലചെയ്യപ്പെടുകയും, ആയുധ ബിസിനസ്സുകാർ സമ്പന്നരാകുകയും, രാഷ്ട്രനേതാക്കൾ അവരുടെ അധികാരം ഉറപ്പിക്കുകയും ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഹീനമായ മാർഗ്ഗമാണല്ലോ യുദ്ധം. "നിങ്ങൾ യുദ്ധങ്ങളെയും, യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്നുമാണല്ലോ കർത്താവിന്റെ വചനം (മത്തായി 24:6). ഈ കാലഘട്ടത്തിൽ കർത്താവിന്റെ ഈ സന്ദേശം അവഗണിക്കരുതേ. കർത്താവിന്റെ പുനരാഗമനത്തിന്റെ ഒന്നാം ഘട്ടത്തിന് പ്രത്യേകിച്ച് അടയാളങ്ങൾ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും അവിടം മുതൽ ഒരാഴ്ചവട്ടം കഴിയുമ്പോഴുള്ള അടയാളങ്ങളാണിവയെല്ലാം. കർത്താവിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്ന ഒരു ക്രിസ്തുവിശ്വാസിക്ക് അതിനായുള്ള ഒരുക്കം കുറച്ചുകൂടി ത്വരിതപ്പെടുത്താം. 2 പത്രൊസ് 3:9,10 പറയുന്നു. "ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു. നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും." ആ ദിവസം എന്ന് എന്ന് ആർക്കും അറിയായ്കയാൽ ഒരുങ്ങാം. അനേകരെ ഒരുക്കാം. കർത്താവിന്റെ ജന്മദിനമായി നാം ആഘോഷിക്കുന്ന ഒരു ക്രിസ്മസ് ദിനം കൂടി സമാഗതമാകുകയാണല്ലോ. ക്രിസ്മസ് ആഘോഷം മദ്യപാനത്തിലും വെറിക്കൂത്തുകളിലും മുക്കാതെ ലോകരക്ഷകനായി പിറന്ന കർത്താവിനെ സ്വന്തരക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ച് വിശുദ്ധിയുടെ അനുഭവത്തിൽ ക്രിസ്മസ് ആഘോഷിക്കാം. എല്ലാ പ്രിയ വായനക്കാർക്കും, സന്തോഷകരമായ ഒരു ക്രിസ്മസും ഐശ്വര്യപൂർണ്ണമായ ഒരു പുതുവത്സരവും ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ. ●●●



രാജൻ എം. തോമസ്

# CONTENTS


03 'യാഖീൻ' (Jachin)
ഡോ. വി. പി. മത്തായി വാലയിൽ

05 എല്ലാറ്റിനും നന്ദി
ഡോ. നെൽസൻ മാത്യു വാലയിൽ

07 "തകരുന്ന കപ്പൽ ഉയരുന്ന ആരാധന"
ബാബു അഞ്ചേരി

09 ക്രിസ്തീയ ഉത്തരവാദിത്വങ്ങൾ
ഡോ. നെൽസൺ അബ്രാഹം

11 മഗ്ദലക്കാരത്തി മറിയ– ഏഴു ഭൂതങ്ങൾ വിട്ടുപോയവൾ
ലീലാമ്മ ഉമ്മൻ

13 ജ്ഞാനത്തോടെ തീരുമാനിക്കുക
റവ. ബേസിൽ ജോർജ്ജ്

15 നന്മ ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കുന്നു
ടീച്ചർ

25 യേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ
റവ. സണ്ണി കെ ജോൺ

- അഗ്നി അഗ്നിയെ ഉത്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.,
Kerala 683556



egmofindia@gmail.com
8281616654


For Donation to Gospel Messenger

# EDITORIAL BOARD


PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy




ഡയറക്ടറുടെ കത്ത്

ഡോ. വി.പി. മത്തായി വാലയിൽ

# 'യാഖീൻ' (JACHIN)

**ദൈവം വസിക്കുന്നിടത്തെല്ലാം ദൈവത്തിന്റെ സർവ്വശക്തിയും, ദൈവിക സാന്നിദ്ധ്യവും എന്ന സ്തംഭങ്ങൾ ഉണ്ടാകും.**

യാഖീൻ എന്നത് ഒരു എബ്രായ നാമം ആണ്. ഇത് ശലോമോൻ പണികഴിപ്പിച്ച ദൈവാലയത്തിനുള്ളിലെ രണ്ട് സ്തംഭങ്ങളിൽ ഒന്നിന്റെ പേരാണ്. 18 മുഴം ഉയരവും 12 മുഴം ചുറ്റളവും ഉള്ള രണ്ട് താമ്രസ്തംഭങ്ങളിൽ ഒന്നായിരുന്നു ഇത്. 1 രാജാക്കന്മാർ 7:21-ാം വാക്യത്തിൽ നാം ഇത് സംബന്ധിച്ച് വായിക്കുന്നു. 'യാഖീൻ' എന്ന വാക്കിന് 'അവൻ നിലനിർത്തും.' എന്നാണ് അർത്ഥം രണ്ടാമത്തെ സ്തംഭത്തിന്റെ പേര് 'ബോവസ്' എന്നാണ് 'അവനിലാണ് ശക്തി' എന്നാണ് അതിന്റെ അർത്ഥം.

യിസ്രായേൽജനത്തെ മരുഭൂമിയിൽ വഴിനടത്തിയ അഗ്നിസ്തംഭത്തെയും മേഘസ്തംഭത്തെയും അനുസ്മരിപ്പിക്കുന്നവയാണ് ഈ സ്തംഭങ്ങൾ. ഈ രണ്ട് താമ്രസ്തംഭങ്ങളും അവരുടെ പിതാക്കന്മാർ മരുഭൂമിയിൽ അനുഭവിച്ച ത്യാഗത്തിന്റെയും അതിനിടയിൽ ദൈവം നടത്തിയ മാർഗ്ഗങ്ങളെയും അനുസ്മരിപ്പിക്കുന്നതാണ്. മിസ്രയീമിൽനിന്നും യാത്ര പുറപ്പെട്ട ദൈവജനത്തോടൊപ്പം ദൈവം വസിക്കേണ്ടതിനാണ്. സമാഗമനകൂടാരം മരുഭൂമിയാത്രാവേളയിൽ നിർമ്മിച്ചത്. ദൈവം അരുളിച്ചെയ്തപ്രകാരം മോശെയുടെ നേതൃത്വത്തിൽ ബസലേലും ഒഹൊലിയാബും, ദൈവം കൊടുത്ത ജ്ഞാനത്താൽ പണിതു. ദൈവം കൊടുത്ത പ്ലാനും അളവുമായിരുന്നു അത്. മനുഷ്യനെ സൃഷ്ടിച്ച് തോട്ടത്തിലാക്കിയ സമയം യഹോവയായ ദൈവം അവരോട് ഒരുമിച്ചുള്ള കൂട്ടായ്മക്കായി ഇറങ്ങിവരുമായിരുന്നു. ആ സ്നേഹക്കൂട്ടായ്മ ആദാമിക പാപത്താൽ നിലച്ചുപോയിരുന്നു. വീണ്ടും അത് ആരംഭിക്കുന്നത് അടിമത്തത്തിൽനിന്നും വിടുവിക്കപ്പെട്ട ജനത്തിനിടയിലായിരുന്നു. സമാ

## ക്രിസ്മസ് സമ്മാനം

**ഭാരതത്തിന്റെ ഉൾഗ്രാമങ്ങളിൽ കഴിയുന്ന പാവപ്പെട്ട കുഞ്ഞുങ്ങൾക്ക്**

**നാം നേരിട്ട് സമ്മാനങ്ങൾ കൈമാറുന്നു. ദൈവ സ്നേഹം പങ്കുവെക്കുന്നു.**

ഈ പദ്ധതിയിൽ താങ്കളുടെ വിലയേറിയ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. (ഒരു കുട്ടിക്ക് 300 രൂപ മാത്രം)
കൂടുതൽ വിവരങ്ങൾക്ക് പേജ് : 20

ഗമനകൂടാരം അതിനൊരു മുഖാന്തരമായിരുന്നു. ശലോമോന്റെ കാലം വന്നപ്പോൾ ദൈവസാന്നിദ്ധ്യം കൈപ്പണിയായ ആലയത്തിൽ ഇറങ്ങിവരാൻ തുടങ്ങി. എന്നാൽ പുതിയനിയമ കാലഘട്ടം ആയപ്പോൾ പെന്തെകൊസ്ത മുതൽ പരിശുദ്ധാത്മാവ് തന്റെ മക്കളുടെ ഹൃദയത്തിൽ വസിക്കുവാൻ തുടങ്ങി. അങ്ങനെ എല്ലാ കാലഘട്ടങ്ങളിലും നമ്മോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഏതു കാലഘട്ടത്തിലും അവന്റെ മക്കളായ നമുക്ക് ഒരു കൂട്ടായ്മ തരുവാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്. ദൈവിക സാന്നിദ്ധ്യമുള്ള ഇടത്തെല്ലാം 'യാഖീൻ', 'ബോവസ്' എന്നീ രണ്ട് സ്തംഭങ്ങൾ ഉണ്ട്. അഥവാ ദൈവത്തിന്റെ സർവ്വശക്തിയും മാറ്റമില്ലാത്തതായ ദൈവത്തിന്റെ നിരന്തര സാന്നിദ്ധ്യവും നമ്മോടൊപ്പം ഉണ്ടാകും. ശലോമോൻ പണിയിച്ച ദൈവാലയത്തിന്റെ മനോഹാരിതക്കും ശക്തിക്കും ആ സ്തംഭങ്ങൾ കാരണമായിരുന്നെങ്കിൽ നാം ദൈവത്തിന്റെ ആലയമാകയാലും ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നതിനാലും നമ്മൾ ഈ ഭൂമിയിൽനിന്നും വേർപെടുംകാലം വരെ രണ്ടു സ്തംഭങ്ങളും നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകുന്നതാണ്. നമ്മുടെ കർത്താവാണ് നമ്മെ നിലനിർത്തുന്നത്. പരിശുദ്ധാത്മാവാണ് നമ്മെ ശക്തീകരിക്കുന്നത്.

പിന്നിട്ട മാസങ്ങളിലേക്കും ദിവസങ്ങളിലേക്കും തിരിഞ്ഞുനോക്കേണ്ട സമയമാണല്ലോ ഇപ്പോൾ. അങ്ങനെ സംഭവബഹുലമായ ഒരു വർഷവും കൂടി നമ്മെ വിട്ടുപിരിഞ്ഞു. ഡിസംബർ മാസം തിരിഞ്ഞുനോക്കാനുള്ള മാസമാണ്. സ്തോത്രം ചെയ്യാനുള്ള മാസവുമാണ്. ആണ്ടിന്റെ ആരംഭം കണ്ട പലരും ഈ മാസം കാണാതെപോയില്ലേ; എന്നാൽ നമ്മെ ഈ മാസത്തെ ഗോസ്പൽ മെസഞ്ചർ കൂടി വായിക്കുവാൻ ദൈവം അനുവദിച്ചല്ലോ. എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളിൽക്കൂടിയാണ് നമ്മൾ കടന്നുവന്നത്. നമ്മുടെ കർത്താവ് നമ്മെ ചുറ്റി പരിപാലിച്ചില്ലേ. കൺമണിപോലെ കാത്തില്ലേ; താൻ തന്റെ ചിറകിൽ നമ്മെ വഹിച്ചില്ലേ. കർത്താവ്തന്നെയാണ് കെട്ടോ നടത്തിയത്. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ കർത്താവ് നമ്മോടുകൂടെ നടന്നില്ലേ. നാം തളർന്നപ്പോൾ നമ്മുടെ കർത്താവ് താങ്ങി. നാം കരഞ്ഞപ്പോൾ കണ്ണുനീർ വടിച്ചുമാറ്റിക്കളഞ്ഞില്ലേ. കഴിഞ്ഞ വർഷം ഇരുന്ന് കരഞ്ഞ വിഷയത്തിന്മേൽ ഈ വർഷം നമ്മെ സന്തോഷിപ്പിച്ചില്ലേ? ചോദിച്ചതെല്ലാം ലഭിച്ചില്ലെങ്കിലും ചോദിക്കാത്ത പലതും കർത്താവ് തന്നല്ലോ. ആവ 32:10-12 "താൻ അവനെ മരുഭൂമിയിലും ഓളി കേൾക്കുന്ന ശൂന്യപ്രദേശത്തിലും കണ്ടു. അവനെ ചുറ്റി പരിപാലിച്ചു. കണ്മണിപോലെ അവനെ സൂക്ഷിച്ചു. കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്കു മീതെ പറക്കുമ്പോലെ താൻ ചിറകു വിരിച്ചു അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു. യഹോവ തനിയേ അവനെ നടത്തി അവനോടുകൂടെ അന്യദൈവം ഉണ്ടായിരുന്നില്ല.

നമ്മുടെ മിഷനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഈ വർഷം കർത്താവ് അതിശയകരമായി പരിപാലിച്ചു എന്നുതന്നെ പറയാം. കാരണങ്ങൾ പലതാണ്. ഈ വർഷം പുതുതായി 38-ഓളം സെന്ററുകൾ ആരംഭിച്ചു. പുതിയ പുതിയ ഗ്രാമങ്ങളിൽ കർത്താവിന്റെ വേല ആരംഭിക്കുവാൻ കർത്താവ് കരുണയായി. ഏറെ എതിർപ്പുകൾ ഉള്ള മിഷൻഫീൽഡിലെ ആരാധനാലയങ്ങളെയും നമ്മുടെ കർത്തൃശുശ്രൂഷകളെയും ദുഷ്ടന്റെ കണ്ണിൽനിന്നും കയ്യിൽനിന്നും മറച്ചുപിടിച്ചു. അനേകരുടെ കണ്ണുനീരിനും കഷ്ടങ്ങൾക്കും, ശൂന്യതകൾക്കും, അനാഥത്വം അനുഭവിക്കുന്നവർക്കും, രോഗികൾക്കും, സങ്കടപ്പെടുന്നവർക്കും മദ്ധ്യേ ആശ്വാസമായും അനുഗ്രഹമായും കർത്താവ് നമ്മെ ഉപയോഗിച്ചു.

മിഷന്റെ അനുഭവത്തിൽ നമ്മുടെ കർത്താവ് 'യാഖീൻ' ആയും 'ബോവസ്', ആയും കൂടെനിന്ന് പ്രവർത്തിച്ചു എന്ന് വ്യക്തമായി മനസ്സിലാക്കി നമുക്ക് ദൈവത്തെ സ്തോത്രം ചെയ്യാം.

വ്യക്തിപരമായി എന്റെ സാക്ഷ്യവും അനുഭവവും ഇതുതന്നെയാണ് കർത്താവ് ഞങ്ങളെ ഈ വർഷവും പണിയുകയും ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്തു. കർത്താവിൽ പ്രിയവാനക്കാരെ **ഈ വർഷത്തിന്റെ സമാപന ചിന്തയായി 'യാഖീൻ' ബോവസ് എന്നീ വാക്കുകൾ അന്വർത്ഥമാകട്ടെ. പരാജയപ്പെട്ടുപോയിട്ടുണ്ടെങ്കിൽ സാരമാക്കേണ്ട കെട്ടോ. പരാജയങ്ങളെ വിജയങ്ങളാക്കുന്ന കർത്താവിന്റെ വാഗ്ദാനമാണ്. യാഖീൻ, ബോവസ് എന്ന രണ്ട് സ്തംഭങ്ങൾ. അത് കർത്താവിന്റെ സംരക്ഷണത്തിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ് യെരുശലേം ദൈവാലയത്തിന്റെ രണ്ടു സ്തംഭങ്ങളായ യാഖീനും ബോവസും പോലെ ദൈവത്തിന്റെ ആലയമായ നമ്മുടെയും ജീവിതത്തിലെ രണ്ടു സ്തംഭങ്ങളാണ് പരിശുദ്ധാത്മാവിന്റെ ശക്തിയും കർത്താവിന്റെ കരുതലും. ഈ വർഷം നമുക്ക് അത് ധാരാളമായി അനുഭവിക്കുവാൻ കഴിഞ്ഞു എന്നതാണല്ലോ നമ്മുടെ സാക്ഷ്യം,** നടത്തിയ ദൈവത്തെ സ്തോത്രം ചെയ്തുകൊണ്ട് നമ്മുടെ കർത്താവിന്റെ ജന്മദിനമായി നാം ഓർക്കുന്ന ദിവസം ഈ മാസമാണല്ലോ. ഈ വർഷം മുഴുവൻ നടത്തിയ ദൈവത്തെ സ്തോത്രംചെയ്തുകൊണ്ട് ക്രിസ്മസിലേക്ക് നമുക്ക് നടന്നുകയറാം. ആർഭാടമായിട്ടല്ല അനുഗ്രഹമായി വിശുദ്ധിയോടെ സന്തോഷത്തോടെ ഈ മാസം നമുക്ക് ഒരുങ്ങാം. ●●●





ഡോ. നെൽസൺ മാത്യു
വാലയിൽ

# എല്ലാറ്റിനും നന്ദി

എത്ര വേഗത്തിലാണ് ജീവിതം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? നമ്മൾ ഉണരുന്നു, ഫോണുകൾ പരിശോധിക്കുന്നു, പ്രഭാത കർമ്മങ്ങൾ കഴിഞ്ഞ് ഇറങ്ങുന്നു. പിന്നെ മുഴുവൻ തിരക്കാണ്. ഒരു അനുഗ്രഹത്തിൽ നിന്ന് അടുത്ത അനുഗ്രഹത്തിലേക്ക് എത്ര വേഗത്തിലാണ് നാം നീങ്ങുന്നത്, പലപ്പോഴും ‘നന്ദി കർത്താവേ’ എന്ന് പറയാൻപോലും ഒരു സാവകാശമില്ലാതെ. ഒരുകാലത്ത്, കൃതജ്ഞത എന്നത് ശ്വസനംപോലെ സ്വാഭാവികമായി വരുന്ന ഒരു ശീലമായിരുന്നു. ഓരോ സൂര്യോദയത്തിലും, ഓരോ ഭക്ഷണത്തിലും, ഉത്തരം ലഭിച്ച ഓരോ പ്രാർത്ഥനയിലും ഹൃദയത്തിൽനിന്ന് ‘നന്ദി കർത്താവേ’ എന്ന ലളിതമായ ഒരു ഭാവം ഉയർന്നുവരും. എന്നാൽ ഇന്ന്, കൃതജ്ഞത വംശനാശഭീഷണി നേരിടുന്ന ഒരു പുണ്യമായോ? ചോദിക്കാനുള്ള വേഗത നന്ദി പറയുന്നതിലും പ്രകടമാണോ?

എന്നിരുന്നാലും ദൈവവചനം നമ്മെ ഈ നഷ്ടപ്പെട്ട കൃപയിലേക്ക് തിരികെ വിളിക്കുന്നതാണ്. കൃതജ്ഞത ഒരു നല്ല പെരുമാറ്റ രീതി മാത്രമല്ല – അത് ക്രിസ്തീയ പക്വതയുടെ അടയാളംകൂടെയാണ്. നന്ദിപറയൽ വിജയത്തിന്റെ ഒരു ഭാവമാണ്. ലൂക്കൊസ് 17:11–19–ൽ, യേശു പത്ത് കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നത് കാണാം. അങ്ങനെ അവർ ഓരോരുത്തരും ജീവിതകാലം മുഴുവൻ അനുഭവിച്ച തിരസ്കരണത്തിൽനിന്നും വേദനയിൽനിന്നും മോചിതരായി. സൗഖ്യം ലഭിച്ചു. എന്നാൽ ഒരാൾ മാത്രം അവനോട് നന്ദിപറയാൻ മടങ്ങിവന്നു. പത്ത് ശബ്ദങ്ങൾ കരുണക്കായി നിലവിളിച്ചെങ്കിലും ഒരു ശബ്ദം മാത്രമേ ആരാധനയായി പരിണമിച്ചുള്ളു. ‘പത്തുപേർ ശുദ്ധരായ്തീർന്നില്ലയോ? ഒമ്പതുപേർ എവിടെ?” എന്നാണ് യേശു ചോദിച്ചത്. ആ ഒൻപതിൽ ഒരുവൻ ഞാനോ?

ദൈവത്തിന്റെ അത്ഭുതം രുചിച്ചറിഞ്ഞ നാം ഇന്ന് അവനോടൊപ്പമോ? കൃതജ്ഞത അത്ഭുതങ്ങളെക്കാൾ വിലയേറിയതും ശ്രേഷ്ഠവുമാണ്. തിരിച്ചുവന്ന ശമര്യക്കാരന് രോഗശാന്തി മാത്രമല്ല ആത്മീയ പൂർണ്ണതയും ലഭിച്ചു. കൃതജ്ഞതയാണ് ആ പൂർണ്ണത കൊണ്ടുവരുന്നുത്. അത് അനുഗ്രഹത്തെ അനുഗ്രഹദാതാവുമായി ബന്ധിപ്പിക്കുന്നു. അത് ദിവ്യമായ കൂട്ടായ്മയുടെ ഒരു നിമിഷമായി മാറുന്നു. കൃതജ്ഞത ഉള്ളിലേക്ക് പ്രവേശിക്കുമ്പോൾ, സമാധാനം പിന്തുടരുന്നു. കൃതജ്ഞത നമ്മെ വിശ്വസ്തരാക്കുന്നു.

അർഹിക്കുന്നതിലും കൂടുതൽ ലഭിച്ചു എന്ന ബോധ്യമാണ് കൃതജ്ഞതക്ക് ആധാരം. കൃതജ്ഞതയില്ലാത്ത പ്രാർത്ഥന അപൂർണ്ണമാണ്. എന്തെങ്കിലും ആവശ്യപ്പെടുന്നതിന് മുമ്പ് നന്ദിയുള്ള അഞ്ച് കാര്യങ്ങളുമായി പ്രാർത്ഥന ആരംഭിച്ചു നോക്കൂ. ഹൃദയം മൃദുവാകുന്നതായും നമ്മുടെ അഭ്യർത്ഥനകൾ ദൈവത്തിന്റെ നന്മയുമായി യോജിക്കുന്നതായും അനുഭവപ്പെടും.

മഹത്തായ അത്ഭുതങ്ങൾക്ക് കാത്തുനിൽക്കാതെ ചെറിയ സാധാരണ നിമിഷങ്ങൾക്കും ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുന്നത് ദൈവത്തോടുള്ള സ്നേഹത്തിന്റെ മന്ത്രണമാണ്. അത് ജീവിതഭാരം കുറെക്കുകയും ജീവിതം കൂടുതൽ അനുഗ്രഹമായി മാറ്റുകയും ചെയ്യുന്നു.

ചിലപ്പോൾ നമ്മൾ മരുഭൂമിയിലെ യിസ്രായേൽ ജനത്തെപ്പോലെ ലഭിക്കുന്ന മന്നയെക്കുറിച്ച് പരാതിപ്പെടും. കൂടുതൽ രുചി വേണം. കൂടുതൽ എണ്ണം വേണം. സൈഡ് ഡിഷ് എന്തെങ്കിലും വേണം... ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ സംതൃപ്തിയോടെ നന്ദി പറയാം. ഇന്ന് ലഭിച്ച സാധാരണ അപ്പത്തിന് പോലും "കർത്താവേ, നന്ദി" എന്ന് പറയാൻ നമ്മുടെ അഹത്തെ രൂപാന്തരപ്പെടുത്താം.

നന്മകളും നല്ല കാര്യങ്ങളും ഒരു അവകാശമല്ല, മറിച്ച് സമ്മാനമാണ്. അത് വിശ്വാസത്തെ ശക്തിപ്പെടുത്തുന്നു. കഴിഞ്ഞകാല നന്മകൾക്ക് ദൈവത്തോട് നന്ദിപറയുമ്പോൾ, ഭാവിക്കായി നാം അവനിൽ വിശ്വസിക്കുന്നു.

ഇവിടെ വേദനയെ അവഗണിക്കുന്നില്ല, പക്ഷേ അതിലുമുള്ള ദൈവസാന്നിധ്യത്തിന് നന്ദി പറയുന്നു.

*ഇന്ന് ഒരു നിമിഷം എടുത്ത് ദൈവം നിങ്ങളെ എവിടെനിന്നാണ് കൊണ്ടുവന്നതെന്ന് ഓർക്കുക. ഒരിക്കൽ കണ്ണീരോടെ പ്രാർത്ഥിച്ച പ്രാർത്ഥനകളെക്കുറിച്ചും ഇപ്പോൾ അനുഭവിക്കുന്ന നന്മകളെക്കുറിച്ചും ചിന്തിക്കുക. അവ എഴുതുക. അവ പങ്കിടുക. അവനെ വീണ്ടും സ്തുതിക്കുക. കൃതജ്ഞത ഹൃദയത്തിൽ നിറയുമ്പോൾ, കൃപ ജീവിതത്തിലൂടെ സ്വതന്ത്രമായി ഒഴുകും. "...in everything give thanks; for this is the will of God in Christ Jesus for you.' 1 തെസ്സലൊനീക്യർ 5:18*

*തിരിച്ചുവന്ന് യേശുവിന്റെ കാൽക്കൽ വീണു,*

*പൂർണ്ണഹൃദയത്തോടെ ഒരു വാക്ക്... "കർത്താവേ, എല്ലാത്തിനും നന്ദി."*

●●●

**'നമുക്കെല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല, പക്ഷേ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ കഴിയും.'**

**– മദർ തെരേസ –**




പ്രാർത്ഥനാ സഹായത്തിന്

**ഗാർഡിയൻ പ്രേയർ സെൽ**

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**Call: 9446610923** | E-mail: guardianprayercell@gmail.com
www.egmofindia.com



ബാബു അഞ്ചേരി

# "തകരുന്ന കപ്പൽ ഉയരുന്ന ആരാധന"

## [പൌലൊസുമായി ഒരു അഭിമുഖം]

എണ്ണായിരം മൈലുകൾ കാൽനടയായി സഞ്ചരിച്ച ലോകത്തിലെ ഏറ്റവും വലിയ മിഷനറി, പതിമൂന്നു ലേഖനങ്ങൾ പുതിയനിയമത്തിനു സമ്മാനിച്ച പ്രഗത്ഭ ചിന്തകൻ! യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത പ്രതിബന്ധമാക്കാതെ ലോകത്തെമ്പാടും നൗകയിലും കപ്പലിലും സഞ്ചരിച്ച് സഭകൾ സ്ഥാപിച്ച് സുവിശേഷം പ്രചരിപ്പിച്ച ക്രൂശിന്റെ പടയാളി! അന്ത്യംവരെ ക്രിസ്തുവിനുവേണ്ടി കത്തിജ്ജ്വലിച്ച കെടാവിളക്ക്! ചക്രവർത്തിമാരുടെ മുമ്പിൽ തെല്ലും കൂസാതെ സത്യം വിളിച്ചുപറഞ്ഞ വീരനായകൻ! വാടാത്ത കിരീടത്തിനുവേണ്ടി കനൽപോലെ എരിഞ്ഞ് നിത്യതയിൽ മിന്നിത്തിളങ്ങുന്ന വെള്ളിനക്ഷത്രം! അതേ, ആ വിശുദ്ധനായ പൌലൊസിന്റെ മുമ്പിലാണ് ഞാൻ ഇരിക്കുന്നത്, ഒരു അഭിമുഖത്തിനുവേണ്ടി.

സത്യത്തിൽ ഞാൻ പരിഭ്രമിച്ചുപോയി. ആ സാന്നിദ്ധ്യത്തിൽ ഞാൻ തീരെ കൊച്ചായതുപോലെ തോന്നി. പലതും ചോദിക്കാനും അറിയാനും ആഗ്രഹിച്ചാണു വന്നത് "പ്രെയ്സ് ദ ലോർഡ്" പറഞ്ഞു. പിന്നെ ഒന്നും ചോദിക്കാൻ തോന്നുന്നില്ല. അപ്പോൾ കുറ്റിത്താടി തടവിക്കൊണ്ട് ആ വലിയ 'കൊച്ചു' മനുഷ്യൻ പറഞ്ഞു., "ചോദിച്ചോളൂ" എനിക്ക് സമാധാനമായി.

"വിശുദ്ധനായ പൌലൊസേ, ഒരു കാര്യം മാത്രം പറഞ്ഞാൽ മതി ഇപ്പോൾ. അങ്ങ് റോമിലേക്കു പോകുമ്പോൾ ഉണ്ടായ കൊടുങ്കാറ്റിനെക്കുറിച്ചും കപ്പൽ അപകടത്തെക്കുറിച്ചും എന്താണ് താങ്കൾക്കു ഞങ്ങളോടു പറയാനുള്ളത്? ലൂക്കൊസ് വിശദമായി എഴുതിയതു ഞങ്ങൾ വായിച്ചിട്ടുണ്ട്. എന്നാൽ ആ സംഭവത്തിലൂടെ ഞങ്ങളുടെ ആത്മീയജീവിതത്തിന് അങ്ങേക്കു നൽകാനുള്ള സന്ദേശം ഒന്നു പങ്കുവെക്കാമോ?" അദ്ദേഹം ചിന്താമഗ്നനായി. മുഖത്ത് വിവിധ ഭാവങ്ങളുടെ തിരകൾ ആഞ്ഞടിക്കുന്നുണ്ട്. അല്പം കഴിഞ്ഞ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ അദ്ദേഹം പറഞ്ഞുതുടങ്ങി.

"ഒന്നാമതായി കൊടുങ്കാറ്റിന്റെ സമയം നിരാശയുടെ സമയമാണ്. നമ്മുടെ ജീവിതത്തിലും കൊടുങ്കാറ്റുകൾ ഉണ്ടാകും. അത് അപ്രതീക്ഷിതമായിരിക്കും. യാത്രയുടെ ആരംഭത്തിൽ കടൽ ശാന്തമായിരുന്നു. കൊടുങ്കാറ്റിന്റെ ലാഞ്ഛന പോലും ഇല്ലായിരുന്നു. ഇയ്യോബിന്റെ ജീവിതവും അങ്ങനെ അല്ലായിരുന്നോ? തുടക്കം എത്ര സുന്ദരം! കൊടുങ്കാറ്റു വന്നുകഴിഞ്ഞാൽ നമ്മുടെ നിയന്ത്രണം നഷ്ടപ്പെടുകയാണ്. നിരാശയിലേക്കു വീണുപോകും. എന്നാൽ ആ സമയത്ത് നമ്മുടെ ജീവിതത്തെ ഒന്നു വിലയിരുത്തി. വേണ്ടാത്ത

ചിലതൊക്കെ എടുത്തെറിയണം. കപ്പലിൽനിന്ന് ചില കോപ്പുകളൊക്കെ ഞങ്ങൾ കടലിലേക്ക് എറിഞ്ഞില്ലേ? അതുപോലെ. അതൊരു തീരുമാനമെടുക്കേണ്ട സമയമാണ്! നിരാശയുടെ ആ സമയം അന്ധകാരത്തിന്റെ സമയമാണ്! ഞങ്ങൾ സൂര്യനെയോ ചന്ദ്രനെയോ നക്ഷത്രങ്ങളെയോ ഒന്നും കണ്ടില്ല. മുഴുവൻ അന്ധകാരം ജീവിതവും ചിലപ്പോൾ അങ്ങനെയാണ്! വീഥികൾ മുഴുവൻ കൂരിരുൾ. മിന്നാമിനുങ്ങിന്റെ വെട്ടംപോലും ഇല്ലാത്ത ദിനങ്ങൾ. ഇരുട്ടിൽ നാം തളയ്ക്കപ്പെട്ടുപോകുന്ന നിരാശയുടെ വേളകൾ.

രണ്ടാമതായി കൊടുങ്കാറ്റിന്റെ സമയം അപകടത്തിന്റെ സമയമാണ്. സാത്താൻ നമ്മെ കോതമ്പുപോലെ പാറ്റിക്കളയുന്ന സമയം. ആ സമയത്ത് ചിലർ കർത്താവിനോടു പറ്റിച്ചേർന്നു നിൽക്കും. അവന്റെ മാത്രം മുഖം അന്വേഷിക്കും. ഉദാഹരണം ഇയ്യോബ്തന്നെ. മറ്റുചിലർ കർത്താവിനെ വിട്ടുപോകും. എന്തുവേണമെന്നു നാം തീരുമാനിക്കണം. തീരുമാനം അനുസരിച്ച് ഒന്നുകിൽ തീരത്തെത്തും. അല്ലെങ്കിൽ പാറയിൽ ഇടിച്ചു ജീവിതം തരിപ്പണമായിത്തീരും. കൊടുങ്കാറ്റിന്റെ സമയത്തു മനുഷ്യർ നമ്മെ വിട്ടുപോയേക്കാം. എന്നാൽ കർത്താവു നമ്മെ കൈവിടുകയില്ല.

മൂന്നാമതായി, കൊടുങ്കാറ്റിന്റെ സമയം വിടുതലിന്റെ സമയമാണ്. പ്രത്യാശയോടെ നങ്കൂരമിറക്കി കാത്തിരിക്കണം. ഞങ്ങളുടെ കപ്പലിൽ നാലു നങ്കൂരമാണ് ഞങ്ങൾ ഇറക്കിയത്. ആത്മീയജീവിതത്തിന്റെ താഴെപ്പറയുന്ന നാലു നങ്കൂരങ്ങൾ നാം ഉറപ്പിച്ചിരിക്കണം.

1) ദൈവസാന്നിദ്ധ്യം (Presence of God) "ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20) ഇതു മറക്കരുത്. ഒന്നാമത്തെ നങ്കൂരം.

2) ദൈവവാഗ്ദത്തം (Promise of God) "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു." (സങ്കീ 34:19) ഇത് ഓർത്തുകൊള്ളേണം. രണ്ടാമത്തെ നങ്കൂരം.

3) ദൈവ കരുതൽ (Providence of God) എനിക്കുവേണ്ടി കരുതിയ ദൈവം നിങ്ങൾക്കുവേണ്ടിയും കരുതും. "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." (റോമർ 8:28).

4.) ദൈവപ്രവൃത്തി (Performance of God) ഞങ്ങൾ എല്ലാവരും തീരത്തണഞ്ഞു. ആരും നഷ്ടപ്പെട്ടില്ല. നിങ്ങളുടെ ജീവിതത്തിലും കർത്താവ് അതു ചെയ്യും. "അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു. ഉടനെ പടക് അവർ പോകുന്ന ദേശത്ത് എത്തിപ്പോയി (യോഹന്നാൻ 6:21). അന്നു സന്ധ്യയായപ്പോൾ 'നാം അക്കരെക്കു പോക' എന്ന് അവൻ അവരോടു പറഞ്ഞു. അവർ കടലിന്റെ അക്കരെ ഗദരദേശത്ത് എത്തി" (മർക്കൊ 4:35, 5:1). ഇതു നാലാമത്തെ നങ്കൂരം.

ഈ നാലു നങ്കൂരങ്ങൾ ഇട്ടതിനുശേഷം നാം ചെയ്യേണ്ടത് കൊടുങ്കാറ്റിനെ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുക എന്നുള്ളതാണ്. ദൈവത്തിന്റെ ശബ്ദത്തിനായി കാതോർക്കണം. ഞാൻ അതു ചെയ്തു. ദൈവം എന്നോടു സംസാരിച്ചു.

അതു മറ്റുള്ളവരോടു പറഞ്ഞ് ഞാൻ അവരെ ധൈര്യപ്പെടുത്തി. പിന്നെ പരിഭ്രമമില്ല. ആരാധനയുടെ മൂഡാണ്. തകരുന്ന കപ്പലിലും ആരാധന ഉയരുമോ? തീർച്ചയായും. നമുക്കു ലഭിച്ചിരിക്കുന്ന താലന്തുകൾ മറ്റുള്ളവർക്കായി പങ്കിടുക. "ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ" (1 പത്രൊസ് 4:10)

ഒടുവിലായി ഒരു കാത്തിരിപ്പാണ്. എന്തിനുവേണ്ടി? വിടുതലിനുവേണ്ടി. ഞങ്ങൾ കാത്തിരുന്ന കൊടുങ്കാറ്റ് അടങ്ങി! എല്ലാവരും, ആരുടെയും, ജീവന് ഹാനിസംഭവിക്കാതെ മെലിത്ത തീരത്ത് എത്തിച്ചേർന്നു.

നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ അടങ്ങും. "ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല" ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല; ഉപേക്ഷിക്കയുമില്ല." (എബ്രായർ 13:5). നമ്മുടെ കർത്താവിന്റെ വാഗ്ദത്തമല്ലേ? അതുകൊണ്ട് ഞാൻ കൊരിന്ത്യരോടു പറഞ്ഞതുപോലെ നിങ്ങളോടും പറയുകയാണ്, നിങ്ങൾ ഉറപ്പുള്ളവരായി, കുലുങ്ങാത്തവരായി നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞ് നിങ്ങളുടെ വേലയിൽ വർദ്ധിക്കേണം അതുമാത്രമേ എനിക്കു പറയുവാനുള്ളു."

പൌലൊസ് പറഞ്ഞുനിർത്തി. ഞാൻ വികാരവിവശനായിപ്പോയി. ഒരു ആത്മീയ മാരി തകർത്തു പെയ്ത് തോർന്നതുപോലെ എനിക്കു തോന്നി. ജീവിതത്തിലെ കൊടുങ്കാറ്റുകളെ സധൈര്യം നേരിടാൻ യേശു എന്ന പാറമേൽ മാത്രം പാദമൂന്നി നിൽക്കുവാൻ ഒരിക്കൽക്കൂടി ഞാൻ സമർപ്പണംചെയ്തു. പിന്നെ നോക്കുമ്പോൾ പൌലൊസ് അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു.

●●●



ജീവിത സായാഹ്നം

നെൽസൺ അബ്രാഹം

# ക്രിസ്തീയ ഉത്തരവാദിത്വങ്ങൾ (CHRISTIAN RESPONSIBILITIES)

ക്രിസ്തീയത ഒരു ജീവിതയാത്രയാണ് എന്ന് നമുക്ക് അറിയാമല്ലോ. ആയത് മതം അനുശാസിക്കുന്ന കേവല പ്രവൃത്തികൾ മാത്രമല്ല, തന്റെ ജീവിതത്തോടുള്ള ഉത്തരവാദിത്വങ്ങളും ചേർന്നുള്ളതാണ്. ബൈബിൾ നമ്മെ ചില ഉത്തരവാദിത്വങ്ങൾ പഠിപ്പിച്ചുതരുന്നു. ഈ ഉത്തരവാദിത്വങ്ങൾ വളരെ വൈവിദ്ധ്യമാർന്നവയാണ്. ഇവയെല്ലാം നമ്മുടെ ജീവിതത്തിൽ പകർത്തുവാൻ യോഗ്യവും ആണ്. ക്രിസ്തുവിന്റെ ജീവിതരീതികൾ ഒരു ക്രിസ്ത്യാനി തന്റെ ജീവിതചര്യകളിൽ നിരന്തരം അനുവർത്തിക്കേണ്ട രീതികളാണ്.

നമ്മുടെ ഈ ഭൂമിയിലെ ജനനം തന്നേ ഒരു ദൈവിക ഉദ്ദേശ്യത്തിന്റെയും ദൗത്യത്തിന്റെയും ഭാഗമാണ്. ഉല്പത്തി 1:27 ൽ കാണുന്നപ്രകാരം "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു." ദൈവിക പദ്ധതിയുടെ ഉൽപ്പന്നങ്ങളാണ് നാം എന്ന് വചനം പറയുന്നു.

ഓരോ മനുഷ്യന്റെ സൃഷ്ടിയും ദൈവത്തിന്റെ സ്വരൂപത്തിലെന്നും നാം തിരിച്ചറിയുന്നുണ്ടല്ലോ. അതിനാൽത്തന്നെ ദൈവം മനുഷ്യനോടുള്ള തന്റെ കരുണയും, സ്നേഹവും വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ജനനവും ജീവിതവും, ഉപദേശങ്ങളും പിതാവിന്റെ സ്നേഹത്തിന്റെ വ്യക്തമായ വെളിപ്പെടുത്തൽ ആകുന്നു.

"ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു" എന്ന് യോഹന്നാൻ എഴുതിയ സുവിശേഷം 13:15-ൽ കൂടി നമ്മുടെ ജീവിതരീതികൾ എങ്ങനെയാവണം എന്ന് പഠിപ്പിക്കുന്നു.

**നമ്മുടെ ആത്മീയ ഉത്തരവാദിത്വങ്ങൾ ഒന്നു പരിശോധിക്കാം.**

### 1. നമ്മോടുള്ള ഉത്തരവാദിത്വം (Personal Responsibilities)

1 പത്രോസ് 1:16 ൽ പറയുന്നപ്രകാരം "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്ന ആഹ്വാനമാണ് നമ്മുടെ ഒന്നാമത്തെ ഉത്തരവാദിത്വം. വിശുദ്ധ ജീവിതം നമ്മുടെ മുഖമുദ്രയാവട്ടെ. 'നാം ക്രിസ്തുവിന്നായി വിളക്കപ്പെട്ടവരാണ്.' (റോമർ 1:17) എന്നതാണ് നാം തിരിച്ചറിഞ്ഞ് പ്രവൃത്തിക്കേണ്ട മറ്റൊരു ഉത്തരവാദിത്വം. ആയതിനാൽ നമുക്ക് വിശുദ്ധിയിൽ ജീവിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ പരിലാളനയിൽ നമ്മിലെ ഞാനെന്ന ഭാവത്തെ ഉപേക്ഷിച്ച് ക്രിസ്തുവിന്റെ അനുയായികളായി നാം ജീവിക്കണം. നമ്മെത്തന്നെ ത്യജിക്കാൻ നാം തയ്യാറാവുന്നതാണ് ക്രിസ്തീയ ഉത്തരവാദിത്വം.

### 2. ദൈവത്തോടുള്ള ഉത്തരവാദിത്വം (Responsibilites to God)

ഉല്പത്തി 2:15 ൽ വായിക്കുന്നപ്രകാരം "യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ട് പോയി ഏദെൻതോട്ടത്തിൽ വേല ചെയ്‌വാനും, അതിനെ കാപ്പാനും അവിടെ ആക്കി." എന്ന് നാം അറിയണം. നമ്മുടെ ജീവിതത്തിൽ ദൈവം നൽകിയ ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ

സൂക്ഷ്മതയോടെ നിർവ്വഹിക്കുവാൻ നാം ശ്രദ്ധിക്കണം എന്ന് ഈ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവിക നിർദ്ദേശങ്ങൾ നാം പാലിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് മറന്നുപോകരുത്. നമ്മിൽ നിറവേറ്റപ്പെട്ടിരിക്കുന്ന ദൈവിക ഉദ്ദേശ്യം എന്ത് എന്ന് നാം ദൈവത്തോട് നിരന്തരം അന്വേഷിക്കണം. (Seek His will) അതിനായി നിരന്തരം പ്രാർത്ഥിക്കണം. ആയതിനായി നാം വചനത്തെ മുറുകെ പിടിക്കുന്നു. "വി. പൌലൊസ് ഫിലിപ്പ്യ സഭയോട് പറയുന്നപ്രകാരം (ഫിലിപ്പിയർ 2:16) "അങ്ങനെ ഞാൻ ഓടിയതും, അദ്ധ്വാനിച്ചതും വെറുതെയായില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകും" എന്ന ബോദ്ധ്യം നമ്മുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു.

ക്രിസ്തുവിൽ ജീവിക്കാൻ നമുക്ക് കഴിയണം. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും, മരിക്കുന്നത് ലാഭവും ആകുന്നു എന്നാണ് ഫിലിപ്പ്യാസഭയെ വി. പൌലൊസ് ഓർപ്പിച്ചത് (ഫിലിപ്പിയർ 1:21). തന്റെ ഉത്തരവാദിത്വത്തിന്റെ മകുടോദാഹരണം ആണ്. ആയത് നമുക്ക് പിന്തുടരാൻ ഉത്തരവാദിത്വമുണ്ട്. ആയതിനാൽ നാം ക്രിസ്തുവിൽ നടക്കുന്നവരാകണം. കൊലൊസ്സ്യർ 2:6,7 വാക്യങ്ങൾ നമ്മുടെ ജീവിതരീതികളിലൂടെ ക്രിസ്തീയ ഉത്തരവാദിത്വം എങ്ങനെ നിർവ്വഹിക്കേണം എന്ന് കാണുന്നു. "ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ. അവനിൽ വേരൂന്നിയും, ആത്മികവർദ്ധന പ്രാപിച്ചും, നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്തിൽ ഉറെച്ചും, സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" നമ്മുടെ ജീവിതം ഇപ്രകാരം സ്തോത്രത്തിൽ കവിഞ്ഞതായിരിപ്പാൻ കഴിയേണം.

**3. മറ്റു വിശ്വാസികളോടുള്ള (സഹജീവികളോടുള്ള) ഉത്തരവാദിത്വം (Responsibilities to others)**

മത്തായി 25:40 നമ്മെ നമ്മുടെ സമൂഹത്തോടുള്ള ഉത്തരവാദിത്വം എന്ത് എന്ന് പഠിപ്പിക്കുന്നു." "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു". നമ്മുടെ സഹോദരങ്ങളോട് നമ്മുടെ പ്രവൃത്തി എപ്രകാരമായിരുന്നു എന്ന് നമുക്ക് ചിന്തിക്കാം.

സൽപ്രവൃത്തികളിൽ വ്യാപൃതരായി നമുക്ക് ജീവിക്കാം അത് നമ്മുടെ ക്രിസ്തീയ ഉത്തരവാദിത്വമാണ്. "എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകി വരുമാറ് നിങ്ങളിൽ സകലകൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു" (2 കൊരിന്ത്യർ 9: 8) എന്ന് നാം അറിയണം. നാം സൽപ്രവൃത്തികളിൽ പെരുകി അന്യരെ കരുതുമ്പോൾ ദൈവം സർവ്വ കൃപകളും കൊണ്ട് നമ്മെ നിറെക്കും. ഈ ഉത്തരവാദിത്വം നാം മറക്കരുത്.

മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ നമുക്ക് കഴിയണം (2 കൊരിന്ത്യർ 1:4). ധാരാളമായി ദാനം ചെയ്ത്, സുവിശേഷം അറിയിച്ച് ജീവിക്കുന്നത് നമ്മുടെ ഒരു വലിയ ഉത്തരവാദിത്വമാണെന്ന് മത്തായി 10:7, 8 വാക്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഘോഷിപ്പിൻ, രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ, സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു സൗജന്യമായി കൊടുപ്പിൻ," ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകിയ ഈ അധികാരം ഇന്ന് നമ്മിലാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന് നാം ബോദ്ധ്യപ്പെടണം. ഇതാണ് ക്രിസ്തീയ ഉത്തരവാദിത്വം എന്ന് നാം അറിയണം അതിനായി പ്രവൃത്തിക്കണം. മത്തായി 22:39 ൽ കൂടി കർത്താവ് നമ്മുടെ ഉത്തരവാദിത്വം അറിയിക്കുന്നത് ഇപ്രകാരമാണല്ലോ. "കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം." ഇത്തരത്തിലുള്ള സഹജീവികളോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ നമുക്ക് തീരുമാനിക്കാം.

പ്രകാശത്തിന്റെ മക്കളായി നമുക്ക് നടക്കാം. മുമ്പേ ഇരുളായിരുന്ന നമ്മെ ക്രിസ്തു വെളിച്ചമായി മാറ്റിയത് തിരിച്ചറിയണം (എഫെസ്യർ 5:8) 1 തിമൊഥെയൊസ് 5:8 നമ്മെ ഓർപ്പിക്കുന്നത് എന്താണെന്ന് പരിശോധിക്കാം. "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു" എന്ന് ഓർക്കണം. ജീവിതത്തിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ നാം തിരിച്ചറിയുവാൻ ഈ വചനം നമ്മെ സഹായിക്കുന്നു.

"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാകുന്നവനായി നിൽപ്പാൻ ശ്രമിക്കണം (2 തിമൊഥെയൊസ് 2:15).

ഈ ആഹ്വാനം നമുക്ക് മുറുകെ പിടിക്കാം. നമ്മുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് "ഞാൻ നിന്നെ

(ശേഷം പേജ് 26 – ൽ)



വനിതാ വിചാരം



ലീലാമ്മ ഉമ്മൻ

# മഗ്ദലക്കാരത്തി മറിയ – ഏഴു ഭൂതങ്ങൾ വിട്ടുപോയവൾ

പുതിയനിയമത്തിൽ 4 സുവിശേഷങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ളതാണ് മഗ്ദലക്കാരത്തി മറിയയുടെ ജീവിതം. അതിൽ വി. ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ മറിയയെക്കുറിച്ച് ഇപ്രകാരം കാണുന്നു. "അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ട് പട്ടണം തോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മക്കളെയും വ്യാധികളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും, ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും, ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തുവകകൊണ്ട് അവർക്കു ശുശ്രൂഷ ചെയ്തുപോന്ന മറ്റ് പല സ്ത്രീകളും ഉണ്ടായിരുന്നു." (ലൂക്കൊ, 8:1–3, മത്താ. 27:55,56, 28:1, മർക്കൊ, 15:40, 16:1–10, ലൂക്കൊ 8:2, 24:10, യോഹ 19:25, 20:1, 11–18 ഭാഗങ്ങളിൽ മഗ്ദലക്കാരത്തി മറിയയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു എങ്കിലും മർക്കൊ 16:9ലും ലൂക്കൊ 8:2 ലും മാത്രം ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയ എന്നു സൂചിപ്പിച്ചിരിക്കുന്നു.

4 സുവിശേഷങ്ങളിലായി ഏകദേശം 12 പ്രാവശ്യം ഈ മറിയയെക്കുറിച്ച് എഴുതിയിരിക്കുന്നതായി കാണാം.

മഗ്ദലക്കാരത്തി മറിയ കഫർന്നഹൂമിന് തെക്കുവശത്തായി ഗലീലകടലിന്റെ പടിഞ്ഞാറേത്തീരത്ത് സ്ഥിതിചെയ്യുന്ന 'മഗ്ദല' എന്ന സ്ഥലത്ത് ജനിച്ചവൾ ആയിരുന്നു. 'മഗ്ദല' എന്ന വാക്കിന് അരാമിക് ഭാഷയിൽ 'ഗോപുരം' എന്നാണ് അർത്ഥം. ഈ ഗ്രാമം മത്സ്യബന്ധനവ്യവസായത്തിന് പേരുകേട്ട സ്ഥലമായിരുന്നു. മറിയയെ മഗ്ദലക്കാരത്തി മറിയ എന്ന് ചേർത്തു വിളിക്കുന്നത് ബൈബിളിൽ പരാമർശിച്ചിരിക്കുന്ന മറ്റ് മറിയമാരിൽ നിന്നും അവളെ വേർതിരിച്ചറിയാനുള്ള മാർഗ്ഗമായിരിക്കാം. മഗ്ദലക്കാരത്തി മറിയ ബൈബിളിലെ സ്ത്രീകഥാപാത്രങ്ങളിൽ ഒരു പ്രധാന കഥാപാത്രമാണ്. ഇവൾ യേശുക്രിസ്തുവിന്റെ വിശ്വസ്തയായ ഒരു അനുഗാമിയായിരുന്നു.

മഗ്ദലക്കാരത്തി മറിയയെക്കുറിച്ച് കൂടുതലായി പഠിക്കുമ്പോൾ അവൾ ഏഴു ഭൂതങ്ങളുടെ പിടിയിൽ പെട്ടിരുന്നതായി വചനത്തിൽ കാണുന്നു. ഏഴു ഭൂതങ്ങളുടെ പിടിയിൽ എന്നുപറഞ്ഞാൽ അവൾക്കുണ്ടായിരുന്ന സുബോധവും മറ്റ് കാര്യങ്ങളും എങ്ങനെ ആയിരുന്നുവെന്ന് നമുക്ക് ആലോചിക്കാവുന്നേതയുള്ളു. എന്നാൽ, ഈ അവസ്ഥക്ക് മാറ്റം വന്നപ്പോൾ, അവളിൽനിന്നും ഏഴു ഭൂതങ്ങളെ പുറത്താക്കി അവൾ സ്വതന്ത്രയായപ്പോൾ, അവൾക്ക് പൂർണ്ണമായ ഒരു വ്യതിയാനം വരികയും അവളുടെ ശേഷിച്ചകാലം യേശുവിനോടു ചേർന്ന്നില്പാനും അവന്റെ ശുശ്രൂഷയിൽ അവനെ അനുഗമിപ്പാനും സഹായകമായി. യേശുവിൽനിന്ന് സൗഖ്യവും പ്രത്യേക സംരക്ഷണവും ലഭിച്ച അനേകം സ്ത്രീകളെ വചനത്തിൽ കാണാം.

പഴയനിയമകാലങ്ങളിലും അതിനു ശേഷവും സമൂഹം സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനവും അംഗീകാരവും കൊടുത്തിരുന്നില്ലെന്ന് കാണാം. എന്നാൽ യേശു സ്ത്രീസമൂഹത്തിന് അർ

ഹമായ സ്ഥാനം കൊടുത്ത് തന്നോടു ചേർത്തു നിർത്തുമായിരുന്നല്ലോ? കർത്താവിന്റെ അടുക്കൽ വന്ന സ്ത്രീകളിൽ രോഗസൗഖ്യം ആഗ്രഹിച്ചവരും പ്രതിസന്ധികളിൽപ്പെട്ട് കഷ്ടപ്പെടുന്നവരും മക്കൾക്കുവേണ്ടി യാചിച്ചവരുമൊക്കെ ഉണ്ടായിരുന്നു. യേശു ആരേയും നിരാശപ്പെടുത്തിയില്ല. ഇതിൽ നിന്നെല്ലാം. കർത്താവിന് സ്ത്രീകളോട് എത്ര മാത്രം സ്നേഹവും കരുതലും മനസ്സലിവും ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. അന്നത്തെ സ്ത്രീകളെ യേശു സ്നേഹിക്കുക മാത്രമല്ല. അവരും യേശുവിനെയും അവന്റെ ശിഷ്യന്മാരെയും സ്നേഹിക്കുകയും അവരോട് ചേർന്ന് വിശ്വസ്തരായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. അതൊക്കെ നമുക്കോരോരുത്തർക്കും മാതൃകാപരമായ കാര്യങ്ങളാണ്. നമ്മൾ കർത്താവിനെയും അവന്റെ തിരുവെഴുത്തുക്കളെയും എത്രമാത്രം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നുവോ, അതിന്റെ പതിന്മടങ്ങ് നമ്മുടെ കർത്താവ് നമ്മെയും കരുതുകയും സ്നേഹിക്കുകയും ചെയ്യും.

മഗ്ദലക്കാരത്തി മറിയയെ സംബന്ധിച്ചിടത്തോളം യേശുവിനോടും അവന്റെ ശിഷ്യന്മാരോടുമൊപ്പം മറ്റ് പല സ്ത്രീകളുമായി അവരുടെ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ അവളുടെ രോഗമോ മറ്റ് പ്രതിസന്ധികളോ ഒന്നും ഒരു തടസ്സമായിരുന്നില്ല. അവൾ വളരെ വിശ്വസ്തതയോടുകൂടി യേശുവിന്റെ ശുശ്രൂഷയിൽ അവനെ അനുഗമിച്ചു. യേശുവിന്റെ പരസ്യശുശ്രൂഷയുടെ അവസാനം വരെ യേശുവിന്റെ കൂടെനില്പാൻ ധൈര്യംകാണിച്ചത് മഗ്ദലക്കാരത്തി മറിയ മാത്രമായിരുന്നു, കർത്താവിന്റെ ക്രൂശിന്റെ ചുവടുവരെയുണ്ടായിരുന്ന അവളുടെ യാത്ര മറിയക്ക് യേശുവിനോടുള്ള സ്നേഹത്തിന്റെ ആഴം നമ്മെ കാണിക്കുന്നു. യേശുവിന്റെ ശിഷ്യന്മാരിൽ പലരും അവനെ വിട്ടുമാറിപ്പോയപ്പോൾ മഗ്ദലനമറിയ അവന്റെ ക്രൂശികരണത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് അവിടെത്തന്നെ ഉറച്ചുനിന്നു. ഈ ഉറപ്പ് നമ്മുടെ ജീവിതത്തിൽ ഉണ്ടോ? ജീവിതത്തിൽ പ്രതികൂലങ്ങൾ വരുമ്പോൾ, പ്രതിസന്ധികൾ നേരിടുമ്പോൾ, മാരകമായ രോഗങ്ങൾക്ക് ഇരയാകുമ്പോൾ പ്രാർത്ഥനകളും യാചനകളും മതിയാക്കി കർത്താവിൽ നിന്നും അകന്ന് മാറിപ്പോകാറില്ലേ? എന്നാൽ ജീവിതത്തിൽ വരുന്ന ശോധനകളെ അതിജീവിക്കുവാൻ, സാത്താന്യശക്തികളോട് പോരാടി വിജയംവരിക്കുവാൻ നാം കർത്താവിനോടു ചേർന്ന് നിൽക്കാറുണ്ടോ? അവിടെയാണ് ഒരു ദൈവപൈതലിന്റെ മനോഭാവം മനസ്സിലാകുന്നത്. വിശ്വസ്തനായ കർത്താവിന്റെ കരങ്ങളിലേക്ക് സർവ്വവും സമർപ്പിച്ച് ഉറച്ചുനില്പാനുള്ള ശക്തിതരുവാൻ നാം പ്രാർത്ഥിക്കണം.

ആഴ്ചവട്ടത്തിൽ ഒന്നാം നാൾ അതികാലത്ത് കല്ലറക്കൽ എത്തിയ മഗ്ദലക്കാരത്തി മറിയയും കൂടെയുണ്ടായിരുന്ന മറ്റു ചില സ്ത്രീകളും, കല്ലറവാതിൽക്കൽവെച്ചിരുന്ന ഏറ്റവും വലുതായിരുന്ന കല്ല്, ആര് നമുക്കുവേണ്ടി ഉരുട്ടിക്കളയും എന്ന് തമ്മിൽ പറഞ്ഞു കല്ലറക്കൽ എത്തിയപ്പോൾ കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു. അകത്ത്കടന്ന അവർ കല്ലറയിൽ യേശുവിന്റെ ശരീരം കണ്ടില്ല. ഈ അവസ്ഥകൾ കണ്ട് ഭയപ്പെട്ട അവർ കർത്താവിന്റെ ശിഷ്യന്മാരായ ശിമോൻപത്രൊസിനോടും യേശുവിനു പ്രിയനായ യോഹന്നാനോടും വിവരങ്ങൾ അറിയിക്കുകയും അവരും വേഗത്തിൽ കല്ലറക്കൽ എത്തി അകത്തുകടന്ന് നോക്കിയെങ്കിലും യേശുവിന്റെ ശരീരം കണ്ടില്ല. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്ക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്ത് അവർ അതുവരെ അറിയായ്കകൊണ്ട് അവർ വീട്ടിലേക്ക് മടങ്ങിപ്പോയി (യോഹ 20:1-10).

എന്നാൽ മറിയ കല്ലറക്കൽ പുറത്ത് കരഞ്ഞുകൊണ്ട് നിന്നു കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞുനോക്കി. യേശുവിന്റെ ശരീരം കിടന്നിരുന്നിടത്ത് വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ തലെക്കലും കാല്ക്കലും ഇരിക്കുന്നത് കണ്ടു. അവർ അവളോട്. “സ്ത്രീയെ നീ കരയുന്നത് എന്തു എന്നു ചോദിച്ചു.” എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി, അവനെ എവിടെ വെച്ചു എന്ന് ഞാൻ അറിയുന്നില്ല എന്ന് അവരോട് പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൾ പിന്നോക്കം തിരിഞ്ഞ് യേശു നിൽക്കുന്നതു കണ്ടു. എന്നാൽ യേശു എന്ന് അവൾ അറിഞ്ഞില്ലതാനും. യേശു അവളോട് സ്ത്രീയേ, നീ കരയുന്നത് എന്ത്? ആരെ തിരയുന്നു എന്ന് ചോദിച്ചു. അവൻ തോട്ടക്കാരൻ എന്ന് നിരൂപിച്ചിട്ട് അവൾ വിവരങ്ങൾ അറിയിക്കുന്നു. യേശു അവളെ മറിയയേ എന്ന് പേർചൊല്ലി വിളിക്കുന്നു. അവൾ തിരിഞ്ഞ് എബ്രായ ഭാഷയിൽ ‘റബ്ബൂനി’ എന്നു പറഞ്ഞു - അതിന് ഗുരു എന്നർത്ഥം. യേശു അവളോട് “എന്നെ തൊടരുത്” ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന് എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോട് പറക എന്ന് പറഞ്ഞു.” മഗ്ദലക്കാരത്തി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോട് പറഞ്ഞു എന്നും ശിഷ്യന്മാരോട് അറിയിച്ചു. (യോഹ 20:11-18.)

(തുടരും) ●●●



യൂത്ത്
കോർണർ

Rev. ബേസിൽ ജോർജ്

# ജ്ഞാനത്തോടെ തീരുമാനിക്കുക

**ജീ**വിതത്തിൽ തിരുമാനങ്ങളെടുക്കാത്തവരാരുമില്ല. 'തിരുമാനങ്ങൾ എടുക്കുന്നില്ല' എന്നത് തന്നെ ഒരു തീരുമാനമാണ്. ഒരു മനുഷ്യൻ ഒരു ദിവസം മുവായിരത്തോളം തീരുമാനങ്ങൾ എടുക്കാറുണ്ടെന്നാണ് പറയപ്പെടുന്നത്. പ്രഭാതത്തിൽ അലാറം അടിക്കുമ്പോൾ അൽപ്പസമയംകൂടെ കിടക്കണോ അതോ അപ്പോൾത്തന്നെ എഴുന്നേൽക്കണോ എന്ന് തുടങ്ങുന്ന തീരുമാനങ്ങളുടെ ഒരു പരമ്പരയാണ് മനുഷ്യജീവിതം.

തീരുമാനങ്ങൾ വളരെ ക്ലേശകരമായ ഒരു പ്രക്രിയയാണ്. അതുകൊണ്ടാണ് വലിയ ശാരീരിക അദ്ധ്വാനമില്ലെങ്കിലും ഉന്നതമായ ജോലികളിൽ ഇരിക്കുന്നവർക്ക് കുടുതൽ അംഗീകാരം സമൂഹം കൊടുക്കുന്നത്. കാരണം അവർ എടുക്കുന്ന തീരുമാനങ്ങൾ വലിയ മാറ്റങ്ങൾ സമൂഹത്തിലും വ്യക്തികളിലും സ്ഥാപനങ്ങളിലും ഉളവാക്കും. ശരിയായ തീരുമാനങ്ങൾ വളർച്ചയിലേക്കും തെറ്റായ തീരുമാനങ്ങൾ സ്ഥാപനങ്ങളുടെ തകർച്ചയിലേക്കും നയിക്കും. തൊഴിലന്വേഷിച്ച് ഒരു ജന്മിയുടെ ഭവനത്തിൽ ചെന്ന ഒരു മനുഷ്യനെക്കുറിച്ച് വായിച്ചിട്ടുണ്ട്. അവന് ആദ്യത്തെ ദിവസം നൽകിയ ജോലി മതിലിനു പെയിന്റടിക്കുവാനായിരുന്നു. രണ്ട് ദിവസത്തെ സമയം നൽകിയ മുതലാളിയെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ദിവസം കൊണ്ട് അയാൾ തന്റെ ജോലി പൂർത്തിയാക്കി രണ്ടാം ദിവസം അയാൾക്ക് ലഭിച്ച ജോലി വിറക് കീറി അടുക്കിവെക്കാനായിരുന്നു. ഒരു ദിവസത്തെ സമയം യജമാനൻ കൊടുത്തെങ്കിലും പകുതി സമയംകൊണ്ട് അയാളത് പൂർത്തിയാക്കി. അടുത്ത ദിവസം യജമാനൻ ഏൽപ്പിച്ച ജോലി എളുപ്പമുള്ളതായിരുന്നു. വിളവെടുത്ത ഉരുളക്കിഴങ്ങ് വിൽപനക്കുള്ളത്, കൃഷിക്കുള്ളത്, വീട്ടാവശ്യത്തിനുള്ളത് എന്നിങ്ങനെ മൂന്നായി തിരിക്കണം. എന്നാൽ വൈകുന്നേരമായിട്ടും അയാൾക്കത് ചെയ്യാൻ കഴിഞ്ഞില്ല. കാരണമന്വേഷിച്ച യജമാനനോട് അയാൾ പറഞ്ഞത്: 'എന്ത് ജോലി വേണമെങ്കിലും ഞാൻ ചെയ്യാം. പക്ഷേ തീരുമാനമെടുക്കാൻ മാത്രം എന്നോട് പറയരുതേ' എന്നാണ്.

തെറ്റായ തീരുമാനങ്ങളെടുക്കാൻ നമ്മളാരും ആഗ്രഹിക്കുന്നില്ല. എടുക്കുന്ന എല്ലാ തീരുമാനങ്ങളും ശരിയാകണമെന്നും അത് ഏറ്റവും നന്നാകണമെന്നും നാം ആഗ്രഹിക്കുന്നു. നമ്മുടെ തീരുമാനങ്ങളെക്കുറിച്ച് ഒരിക്കലും പശ്ചാത്തപിക്കാൻ ഇടയാകരുതെന്നാണ് നമ്മുടെ എല്ലവരുടെയും ആഗ്രഹം. ബേഥാന്യയിലെ മറിയ നടത്തിയ തിരഞ്ഞെടുപ്പിനെക്കുറിച്ച് യേശു പറഞ്ഞത്: "മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു" എന്നാണ് (ലൂക്കൊ 10:42). കർത്താവിനെ സ്വീകരിക്കാൻ, സൽക്കാരങ്ങളൊരുക്കാൻ മാർത്ത പരക്കംപായുകയാണ്. അവളുടെ സഹോദരിയായ മറിയയോ, യേശുവിന്റെ പാദപീഠത്തിലിരുന്ന് വചനം കേട്ടുകൊണ്ടിരുന്നു. മാർത്ത മറിയയുടെ തീരുമാനത്തെ

ചോദ്യം ചെയ്തപ്പോഴായിരുന്നു കർത്താവിന്റെ ഈ മറുപടി. നാമെടുത്ത തീരുമാനങ്ങൾ ദൈവം അംഗീകരിക്കുന്നതിനെക്കാൾ സന്തോഷകരമായി വേറെന്തുണ്ട്?

**'എങ്ങനെ ദൈവഹിതമറിയാം?'**

എല്ലാ കാലഘട്ടങ്ങളിലെയും ചെറുപ്പക്കാരുടെയിടയിലെ ഒരു ചോദ്യമാണിത്. ഈ ചോദ്യം ഒരിക്കലെങ്കിലും ചോദിക്കാത്ത ആരുമുണ്ടാകാനിടയില്ല. യുവജന ക്യാമ്പുകളിലെയും മീറ്റിങ്ങുകളിലെയും നിത്യഹരിത സമസ്യയാണിത്. പലരും ആഗ്രഹിക്കുന്നത്, മുൾപ്പടർപ്പിൽ യഹോവ പ്രത്യക്ഷപ്പെട്ട് മോശെയോട് പറഞ്ഞതുപോലെ 'നീ എഞ്ചിനീയറാകണം', 'നീയൊരു ഡോക്ടറാകണം'. 'നീ പൂർണ്ണസമയ സുവിശേഷകനാകണം', എന്നിങ്ങനെ ദൈവം നമ്മോടും പറയണമെന്നാണ്. തീർച്ചയായും ചില സാഹചര്യങ്ങളിൽ ദൈവം അങ്ങനെ സംസാരിക്കുകയും ചെയ്യും. യിരെമ്യാവിനെ വിളിച്ച് പ്രവാചകനായി നിയമിച്ചതും പൌലൊസിനെ വിളിച്ച് ജാതികളുടെ അപ്പൊസ്തലനായി നിയമിച്ചതും ഉദാഹരണങ്ങളാണ്.

എന്നാൽ നെഹെമ്യാവിനോട് ദൈവം അങ്ങനെ പറഞ്ഞില്ല. അവനോട് ആരും തലയിൽ കൈവെച്ച് പ്രവചിച്ചില്ല. ഉയർന്ന ശമ്പളമോ സമൂഹത്തിലെ മാന്യതയോ എളുപ്പത്തിൽ ജോലികിട്ടുന്ന കോഴ്സോ ആയിരുന്നില്ല ദൈവഹിതം തിരിച്ചറിയാനുള്ള മാർഗ്ഗമായി നെഹെമ്യാവ് ഉപയോഗിച്ചത്. പക്ഷേ അവൻ തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചു.

'ദൈവഹിതം തിരിച്ചറിയാനുള്ള 5 വഴികൾ' എന്ന് പേരിട്ട് പുസ്തകമിറക്കിയാൽ ഈ കാലത്തത് ചൂടപ്പംപോലെ വിറ്റുപോകും. എന്നാൽ അങ്ങനെയൊരു സൂത്രവാക്യമല്ല (ഫോർമുല) ബൈബിളിൽ കാണുവാൻ കഴിയുന്നത്. കാരണം ദൈവിക നിയോഗങ്ങൾ എല്ലാക്കാലത്തും ഫോർമുലകളെ തെറ്റിച്ചുകൊണ്ടായിരുന്നു. മനുഷ്യന്റെ ഫോർമുലയനുസരിച്ചാണെങ്കിൽ ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കപ്പെട്ട മോശെ അധികാരമുപയോഗിച്ച് യിസ്രായേലിനെ വിടുവിച്ചേനെ. എന്നാലവന്റെ പദവികളെല്ലാം നഷ്ടപ്പെട്ട് കാലിൽ ചെരിപ്പുപോലും ഇല്ലാതെ നിൽക്കുമ്പോഴാണ് ദൈവിക നിയോഗം അവനറിയുന്നത്. അവൻ മടങ്ങിച്ചെന്നാൽ യിസ്രായേൽക്കാർ പോലും അവനെ തിരിച്ചറിയാത്ത സാഹചര്യത്തിലാണ് ദൈവിക നിയോഗവുമായി മിസ്രയീമിലേക്ക് മടങ്ങുന്നത്. മനുഷ്യന്റെ ഫോർമുലകൾ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ദൈവഹിതം നിത്യതയുടെ വെളിച്ചത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ദൈവഹിതം മനസ്സിലാക്കുന്നത് ഒരു ലോകമനുഷ്യനെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പവുമല്ല.

**ഓവർ ചോയ്സുകളുടെ കാലം**

മുൻകാലങ്ങളെ അപേക്ഷിച്ച് തീരുമാനങ്ങളെടുക്കുക എന്നത് ഇക്കാലത്ത് കൂടുതൽ ക്ലേശകരമായിത്തീർന്നിട്ടുണ്ട്. അതിന്റെ പ്രധാന കാരണം അനേക കാര്യങ്ങളുടെ ഇടയിൽനിന്നുമാണ് നമുക്കാവശ്യമുള്ളത് തിരഞ്ഞെടുക്കേണ്ടത് എന്നാണ്.

മൂന്ന് വയസ്സ് പ്രായമുള്ള മകന് പ്രാർത്ഥനക്കിരിക്കുമ്പോൾ ഏത് പാട്ട് പാടണമെന്ന് ചോദിച്ചാൽ എപ്പോഴും ഒരേയൊരു ഉത്തരമേയുള്ളൂ. കാരണം അവനറിയാവുന്ന ഒരേയൊരു പാട്ടേയുള്ളൂ. എന്നാൽ പല വീടുകളിലും പ്രാർത്ഥിക്കാനിരിക്കുമ്പോൾ പാട്ടുപുസ്തകമെടുത്ത് അങ്ങോട്ടുമിങ്ങോട്ടും മറിച്ചുകൊണ്ടിരിക്കും. കാരണം അവർക്കതിലെ പല പാട്ടുകളും അറിയാം. ഏത് വേണമെന്ന് തീരുമാനിക്കാൻ കഴിയുന്നില്ല.

പ്ലസ് 2 കഴിഞ്ഞ ഒരു ചെറുപ്പക്കാരന് ഇനിയും ഏത് കോഴ്സ് ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് അത്യാവശ്യമാണ്. ഒരുകാലത്ത് എഞ്ചിനീയറിങ് കോഴ്സിൽ സിവിലും, മെക്കാനിക്കലും, ഇലക്ട്രിക്കലും മാത്രമായിരുന്നു പലരുടെയും മുൻപിൽ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അവയിൽ നിന്നും തിരഞ്ഞെടുപ്പ് എളുപ്പവുമായിരുന്നു. എന്നാലിന്ന് കമ്പ്യൂട്ടറും ഇലക്ട്രോണിക്സും ഐടിയും ആർട്ടിഫിഷ്യൽ ഇന്റലിജെൻസും പെട്രോളിയം എഞ്ചിനീയറിങ്ങും മറൈൻ എഞ്ചിനീയറിങ്ങും ഫയർ ആൻഡ് സേഫ്റ്റിയും കെമിക്കൽ എഞ്ചിനീയറിങ്ങുമൊക്കെയായി ആകെ കൺഫ്യൂഷനിലാണ്. അതുകൊണ്ടുതന്നെ തീരുമാനങ്ങൾ എടുക്കുന്നത് ക്ലേശകരവുമായിരിക്കുന്നു.

●●●


**വാട്ട്സാപ്പ്**

**ഡോ.വി. പി. മത്തായി വാലയിൽ നൽകുന്ന വചന സന്ദേശങ്ങൾ വാട്ട്സാപ്പിലൂടെ കൈമാറുന്നു. ആവശ്യപ്പെടുന്ന നമ്പറുകളിലേക്ക് അയച്ചുതരുന്നതാണ്. Contact: 9447707654**



ടീച്ചർ



ജാൻസി ജോൺ

# നന്മ ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കുന്നു

ക്രിസ്മസ് ആഗതമായി. നീനുമോൾ വളരെ സന്തോഷത്തിലാണ്. കാരണം മറ്റൊന്നുമല്ല, ആ ദിവസങ്ങളിൽ വീട്ടിൽ നക്ഷത്രവിളക്കുകളും, മറ്റു അലങ്കാരവസ്തുക്കളും നിറയുന്ന സമയമാണ്. നീനുമോൾ ഉല്ലാസത്തോടെ വീട്ടിലും, ചുറ്റുപാടും സന്തോഷത്തോടെ ഓടിനടന്നു.

ആ ദേശത്തെ പ്രമുഖനായ ഒരു വ്യവസായിയാണ് അവളുടെ പപ്പ. കോടികളുടെ ഉടമസ്ഥനാണദ്ദേഹം. അദ്ദേഹത്തിന്റെ ഏകമകളാണ് നീനു.

പത്തുവയസ്സുള്ള നീനുമോൾ മിടുക്കിയാണ്. നന്നായി പഠിക്കും. എല്ലാവരുടെയും കണ്ണിലുണ്ണിയാണവൾ. പക്ഷേ ഒരു ദുഃഖം അവളെക്കുറിച്ചുണ്ട്. അവളെ തേടിയെത്തുന്ന ആ രോഗം മാതാപിതാക്കളെ ഏറെ വേദനിപ്പിച്ചിരുന്നു. ബോധമില്ലാതെ താഴെവീണ് കൈകാലിട്ടടിച്ച് വായിൽനിന്നും നുരയും പതയും വരുന്നത് കണ്ടുനിൽക്കാനാവില്ല.

ഒരുദിവസം മുറ്റത്ത് പന്ത്കളിച്ചുകൊണ്ടിരുന്ന നീനുമോൾ പന്ത് പുറത്തേക്ക് തെറിച്ചുപോയത് കണ്ടു. കളിയുടെ ആവേശത്തിൽ പന്തെടുക്കാൻ ചെന്ന നീനുമോൾ ഒരു വലിയ കല്ലിൽ കാൽ തട്ടി വീണു. വീഴ്ചയുടെ ആഘാതത്തിൽ നീനുമോൾ അബോധാവസ്ഥയിലാവുകയും അവളുടെ വായിൽനിന്നു നുരയും പതയും വരാനും തുടങ്ങി. ആരും അവിടെ ഉണ്ടായിരുന്നില്ല.

ഈ സമയത്ത് സമീപെ താമസിക്കുന്ന അനുമോൾ അമ്മ പറഞ്ഞതനുസരിച്ച് കടയിൽനിന്ന് പലഹാരം വാങ്ങുവാൻ പോവുകയായിരുന്നു. അവളുടെ വീട്ടിൽ അന്ന് ആഹാരം വെച്ചിട്ടില്ലായിരുന്നു. വിശന്നിരുന്ന അവൾക്ക് കഴിക്കാൻ ഒന്നുമില്ലാത്തതുകൊണ്ട് വേറൊരാളിൽനിന്ന് രൂപ കടംവാങ്ങി വിട്ടതായിരുന്നു. അങ്ങനെ സന്തോഷത്തോടെ പോകുമ്പോഴാണ് നീനുമോളെ കണ്ടത്. അവൾ നോക്കിയപ്പോൾ ഇത് മുതലാളിയുടെ മകളാണല്ലോ എന്ന് മനസ്സിലായി. ഓടിച്ചെന്ന് മുതലാളിയോട് വിവരം പറഞ്ഞു. അവൾ വിവരം അറിയിച്ചതനുസരിച്ച് മുതലാളിയും, ഭാര്യയും ഓടിയെത്തി. നീനുമോളെ കോരിയെടുത്ത് ആശുപത്രിയിൽ ചെന്നു. ഡോക്ടർ പരിശോധന നടത്തിയതിനു ശേഷം ഇങ്ങനെ പറഞ്ഞു. തക്കസമയത്ത് എത്തിച്ചതിനാൽ ജീവൻ തിരിച്ചുകിട്ടി. ദൈവത്തോട് നന്ദി പറയാം.

അപ്പോഴാണ് തന്നെ വിവരം അറിയിച്ച ആ പെൺകുഞ്ഞിനെ അദ്ദേഹം ഓർത്തത്. അതുവരെ കാണാത്ത ആ കുഞ്ഞിനെ അദ്ദേഹം അവിടെ നോക്കി. കണ്ടില്ല. ആശുപത്രിയിൽനിന്ന് വന്നതിനുശേഷം അവർ അനുമോളെ കണ്ടെത്തി. അനുമോളുടെ വീട്ടിലെ അവസ്ഥ മനസ്സിലാക്കിയ മുതലാളി അവളുടെ വീട്ടിലേക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കൊടുത്തു. നീനുമോളും, അനുമോളും കൂട്ടുകാരായി. മത്താ. 5:7 – ൽ പറയുന്നു. "കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും." "യാഗത്തിലല്ല കരുണയിലത്രേ. ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്ന് പോയി പഠിപ്പിൻ" (മത്തായി 9:13)

പ്രിയ കൂട്ടുകാരെ മറ്റുള്ളവരുടെ പ്രയാസ ഘട്ടങ്ങളിൽ നമ്മുടെ വിഷമം മറന്നു നാം അവരെ സഹായിക്കുമ്പോൾ ദൈവം നമുക്കായി കരുതുവാൻ ഓരോ വ്യക്തികളെ ഒരുക്കും.

# ഡിസംബർ

| MORNING FELLOWSHIP എല്ലാ ദിവസവും | HINDI : 5.00 am – 6.15 am | MALAYALAM : 5.40 am – 6.40 am |
|---|---|---|
| | ID https://meet.google.com/gdhnyycvjy | ID https://meet.google.com/iibyyvdseq |

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

### മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 04.12.2025 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തകക്കൂട്ടായ്മ | മിഷൻസെന്റർ |
| 06.12.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 13.12.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 20.12.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 25.12.2025 | വ്യാഴം | 2 pm - 8 pm | ഗോസ്പൽ ഫെലോഷിപ്പ് ഫാമിലിമീറ്റ് | മിഷൻസെന്റർ |
| 27.12.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 31.12.2025 | ബുധൻ | 7 pm - 12.30 am (01.01.2026) | പുതുവത്സര ശുശ്രൂഷ | മിഷൻസെന്റർ |

# ഡോക്സയുടെ 5–ാമത് വാർഷികം




ഹെൽപ് ഇന്ത്യ മിഷന്റെ വിവിധ ജീവകാരുണ്യ–സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ സമാഹാരമാണ് ഡോക്സ. ഇതിന്റെ പ്രവർത്തനങ്ങളുടെ അഞ്ചാമത് വാർഷികാഘോഷ പരിപാടികൾ 10.10.2025 വെള്ളിയാഴ്ച്ച 10 am മുതൽ 2.30 pm വരെ അല്ലപ്ര ഇ.ജി.എം. ഓഫ് ഇന്ത്യ മിഷൻസെന്ററിന്റെ അങ്കണത്തിൽവെച്ച് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. പ്രാർത്ഥനയോടുകൂടി ആരംഭിച്ച പരിപാടിയിൽ പ്രസിഡന്റ് Dr. വി. പി. മത്തായി വാലയിൽ സ്വാഗതം ആശംസിച്ച് ഡോക്സയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. ഡോക്സയുടെ സ്റ്റാഫ് നേഴ്സ് മഞ്ജു എൽദോ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പെരുമ്പാവൂർ MLA Adv.എൽദോസ് കുന്നപ്പിള്ളി പരിപാടി ഉദ്ഘാടനം ചെയ്തു. വെങ്ങോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പി. എൽദോസ് മുഖ്യപ്രഭാഷണം നടത്തി. ഡോക്സ ഓഫീസ് സ്റ്റാഫ് ശ്രീമതി സജിത ഷാജി ആത്മീയ ഗാനം ആലപിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റായ Dr. നെൽസൻ മാത്യു വാലയിൽ "മാനസികാരോഗ്യവും വെല്ലുവിളികളും" എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. Ex MLA ശ്രീ. സാജു പോൾ, ശ്രീ. സി.സി.ജോസഫ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

പരിപാടിയുടെ പ്രധാനപ്പെട്ട ചടങ്ങായ ഗ്രോസറി കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം Dr. വി.പി. മത്തായി വാലയിൽ വൃക്കരോഗിയായ ശ്രീമതി മല്ലിക സുബ്രമണ്യന് നൽകി നിർവ്വഹിച്ചു. വെങ്ങോല ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെയും, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങൾക്ക് ഇത് പ്രയോജനപ്പെട്ടു. പാലിയേറ്റീവ് രോഗിയുടെ കുടുംബത്തിന്റെ സാക്ഷ്യം ശ്രീ. ആന്റണി പങ്കുവെച്ചു. എല്ലാവരും ഉച്ചഭക്ഷണം കഴിച്ച് സന്തോഷത്തോടെ പിരിഞ്ഞു. ഏകദേശം 300 പേർ പങ്കെടുത്ത ഈ പ്രോഗ്രാം പ്രയോജനപ്രദമായതായി എല്ലാവരും അഭിപ്രായം പറഞ്ഞു.

സമൂഹത്തിൽ അവഗണിക്കപ്പെട്ടുകിടക്കുന്ന ജനവിഭാഗങ്ങളെ ശുശ്രൂഷിക്കുവാൻ വേണ്ടി 2011–ൽ Dr. വി. പി. മത്തായി വാലയിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഹെൽപ് ഇന്ത്യ മിഷൻ. സാറിന്റെ ബാല്യകാല ജീവിത കഷ്ടപ്പാടുകൾ, ഇത്തരം ഒരു പ്രസ്ഥാനം തുടങ്ങുവാൻ പ്രചോദനമായി. ഡോക്സയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017 സെപ്റ്റംബർ 9ന് ആണ്. അവഗണിക്കപ്പെട്ട സമൂഹത്തിന് ആശ്വാസവും സൗഖ്യവും പുനരധിവാസവും നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഡോക്സയുടെ കീഴിൽ പാലിയേറ്റീവ് ഹോം കെയർ, ഡയാലിസിസിനുള്ള ധനസഹായം, സൈക്കോതെറപ്പി & കൗൺസലിംഗ് സൗകര്യങ്ങൾ, വീടുകളിൽ ഒറ്റപ്പെട്ടുകഴിയുന്ന വൃദ്ധരായവർക്കുവേണ്ടി 'കൂട്ടുകൂടാൻ ഡോക്സ' എന്നിവ ഒരുക്കിയിരിക്കുന്നു. ഭാരതത്തിൽ ഗോത്ര വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന കൃപാ ഭവൻ ദാൻ യോജന, വിദ്യാ കിരൺ യോജന തുടങ്ങിയ വലിയ പ്രോജക്റ്റുകൾ ഇതിന്റെ ഭാഗമാണ്.



മഞ്ജു എൽദോ
(സ്റ്റാഫ് നേഴ്സ്)

# ഡോക്‌സ സാമൂഹ്യ
# അഞ്ചാം സംയുക്ത വാർ














# സേവന പദ്ധതികളുടെ
# ഷിക സംഗമത്തിൽനിന്നും











# ക്രിസ്മസ് – സ്നേഹസമ്മാനവുമായി നമ്മുടെ വയലുകളിൽ



"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു." (ലൂക്കൊസ് 2 :11)

സ്നേഹം മണ്ണിൽ മനുഷ്യനായി പിറന്നതിന്റെ ഓർമ്മക്കായി നാടെങ്ങും വീണ്ടുമൊരു ക്രിസ്മസ്കാലം കൂടി വന്നെത്തിയിരിക്കുന്നുവല്ലോ. നമ്മുടെ മിഷൻഫീൽഡുകളിലും ക്രിസ്മസ് ദിനങ്ങൾ വളരെ ഉത്സാഹത്തോടെയാണ് നമ്മുടെ വിശ്വാസികൾ വരവേൽക്കുന്നത്. ഈ വർഷവും ക്രിസ്മസ് സമ്മാനങ്ങളും സന്ദേശങ്ങളും സ്നേഹവിരുന്നുമെല്ലാം ഫീൽഡുകളിൽ ക്രമീകരിക്കുവാൻ നാം പ്രാർത്ഥനാപൂർവ്വം ഒരുങ്ങിയിരിക്കുകയാണ്. നമ്മുടെ മിഷൻഫീൽഡുകളിലെ മക്കൾക്ക്, ഒരു കുട്ടിക്ക് 300 രൂപ നിരക്കിലുള്ള സമ്മാനങ്ങൾ നാം കൈമാറുന്നു. നമ്മുടെ ഓരോ മക്കൾക്കും ഒന്നിലധികം ആദിവാസികളായ മക്കൾക്കും സമ്മാനം നൽകുവാൻ നമുക്ക് കർത്താവു കൃപ ചെയ്തിട്ടുണ്ടല്ലോ. പരമാവധി മക്കളുടെ കൈകളിലേക്ക് കർത്താവിന്റെ ജന്മദിന സമ്മാനം നൽകാം. ഡിസംബർ അഞ്ചാം തീയതി മുതൽ ഇരുപത്തിയഞ്ചാം തീയതി വരെയുള്ള ദിവസങ്ങൾ നാം ഈ ശു ശ്രൂഷകൾക്കായി ഉപയോഗിക്കുന്നു .

ഒന്നോ അതിലധികമോ കുട്ടികൾക്ക് ക്രിസ്മസ് സമ്മാനങ്ങൾ നൽകി താങ്കളും ഈ ശുശ്രൂഷയിൽ പങ്കുചേരുമല്ലോ. നമ്മുടെ ക്രിസ്മസ് സമ്മാനത്തിനായി കാത്തിരിക്കുന്ന കുഞ്ഞുങ്ങൾക്കായി ക്രിസ്മസ് സ്നേഹസമ്മാനങ്ങൾ നമുക്ക് ഒരുക്കാം. എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിച്ച, ത്യാഗത്തിന്റെ പര്യായമായ യേശുവിന്റെ സ്നേഹം ക്രിസ്മസ് സമ്മാനമായി നമുക്ക് കൈമാറാം. അതിലൂടെ കർത്താവിന്റെ നാമം ജയമെടുക്കുകയും വേല വളരുകയും ചെയ്യട്ടെ. ഇതുവരെയും ഈ ശുശ്രൂഷയെ കരുതിയതിന് നന്ദി. എല്ലാവർക്കും മിഷന്റെ ക്രിസ്മസ്, പുതുവത്സരാശംസകൾ നേരുന്നു. പ്രാർത്ഥിക്കണമേ.... പങ്കുചേരണമേ...

A/C Name : EGM OF INDIA   Federal Bank, Perumbavoor
A/C NO : 100 301005 417 42   IFSC : FDRL0001003

A/C Name : V. P. MATHAI VALAYIL   SBI, Perumbavoor
A/C NO : 303 940 841 48 (Official)   IFSC : SBIN0008661

G Pay

EGM OF INDIA
+91 91883 79654

UPI ID: egmofindia@sbi

**Call/Whatsapp : 8281616654 | 9447707654**

പണം അയക്കുന്നവർ നിർബന്ധമായും പേരും മേൽവിലാസവും അയച്ച തുകയും കാണിച്ച് വാട്ട്സ്ആപ്പ്/ ഇ-മെയിൽ/ S.M.S/ കത്ത് അയക്കുകയോ ചെയ്ത് അക്കൗണ്ടിംഗിന് സഹായിക്കുമല്ലോ. 5 ദിവസത്തിനകം Whatsapp/ Phone Call മുഖേന രസീത് വരാതിരുന്നാൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. *2000 രൂപയ്ക്ക് മുകളിലുള്ള തുക ചെക്ക്/ ഡ്രാഫ്റ്റ്/ നേരിട്ട് ബാങ്കിലേക്ക്/ ഇന്റർനെറ്റ് മുഖേന അയക്കേണ്ടതാണ്.*

**പണം അയക്കേണ്ട വിലാസം**

E.G.M. OF INDIA, Mission Centre, Allapra P.O, Allapra, Ernakulam Dist., Kerala - 683 556

# ദൈനംദിന സഹായി

**വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.**

## 01

**വായനഭാഗം** : **യോഹന്നാൻ 9–11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധുപന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **യോഹന്നാൻ 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **യോഹന്നാൻ 15–17 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റാവു, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : ബൊങ്കൈഗാവ്, കൊക്രജാർ, ദുബരി ഫീൽഡുകളിലെ വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **യോഹന്നാൻ 18–21 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : സവിത- പൈൽസ്, മർഗമയി- നടുവേദന, ഉമേഷ് - തലവേദന, ആരതി- ബി.പി. നോർമൽ ആകുവാൻ, അനിൽ- വയറുവേദന, കാലുവേദന, ഹഞ്ചി, പ്രഷി- പനി ഇവരുടെ സൗഖ്യത്തിനായും, സാക്ഷി- സാത്താന്യ ബന്ധനം വിടുതലിനായും, ഫീൽഡു ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : എക്ത- ശരീരത്തിൽ നീര്, രാജേഷ് - തൈറോയിഡ്, വേദനാഥ് - അസ്ഥിവേദന, അനന്യ- ബാലാരിഷ്ടതകളിൽ നിന്നുമുള്ള വിടുതൽ ഇവരുടെ സൗഖ്യത്തിനായും ഫീൽഡിൽ വേല വളരുന്നതിനായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : കൗവ്വക്കോൾ, ചപ്പന, ഹത്യാദിര എന്നീ ഫീൽഡുകളിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : മൽബാരി ഫീൽഡിലെ സൺഡേസ്കൂൾ കുട്ടികൾക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 10–12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : പുഷ്പ - നെഞ്ചുവേദന, ഇത്വാരി - കാൻസർ, റാണി - തലവേദന,സരസ്വതി - തലവേദന, നടുവേദന, നെഞ്ചു വേദന, തുഷാർ - പനി, പ്രതിമ - തലകറക്കം, ശരീരക്ഷീണം, കുസും - ഷുഗർ, തൈറോയിഡ്, കൗസല്യ - വിറയലും, തലവേദനയും - ഇവരുടെ സൗഖ്യത്തിനായും,കരൺ - എയർഹോസ്റ്റസ് ജോലി ലഭിക്കുവാനും, റാണി - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, സീമ - പുതിയ ബിസിനസ്സ് ആരംഭിക്കുന്നതിനായും, മാൻകി - കടബാധ്യതയിൽനിന്നുള്ള വിടുതലിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനും വളർച്ചക്കുമായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 13–16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : ഏയ്ഞ്ചൽ - ടൈഫോയിഡ്, ദീപക് - പല്ലുവേദന, ലാലു, ദിവ്യ - സാത്താന്യ ബന്ധനം വിടുതലിനായും സുവിശേഷ വിരോധികളുടെ പ്രവർത്തനങ്ങളിൽനിന്നുള്ള വിടുതലിനായും ആരാധനാലയത്തിന്റെ പണി തടസ്സമില്ലാതെ നടക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 17–19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂറത്ത്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : സിദിയ - ഭക്ഷണംകഴിക്കാൻ പ്രയാസം, തനവീർ - ശർദ്ദി, പ്രഷൻസ - ബോധക്ഷയം, രോഹിത്ത് - കഴുത്തിന് വേദന, ബബിത - നടുവേദന, ഷർമിള - മാനസികരോഗം, രാംസിംഗ് - വാർദ്ധക്യസഹജമായ രോഗങ്ങൾ ഇവരുടെ സൗഖ്യത്തിനായും, വിക്രം - കടബാധ്യത മാറുവാനും, ഏനോശ്, ആരോൺ - ബാലാരിഷ്ടതകളിൽനിന്നും വിടുതലിനായും, ഗംഗാപൂർ, ഉദാപൂർ, ഗന്താനി, പോഹാര ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 20–22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 23–26 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽദുഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും സുവിശേഷവേലക്ക് കടന്നുപോകുന്നതിന് ബൈക്കിനായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **അപ്പൊ. പ്രവൃത്തികൾ 27, 28 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : കൃഷ്ണ - കാലിലെ മുറിവുണങ്ങുവാനും, സുവിശേഷ വേലയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **റോമർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**15**

| | | |
|---|---|---|
| വായനഭാഗം | : | **റോമർ 4–6 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | മദ്ധ്യപ്രദേശ് (ജാംബുവ) |
| പ്രവർത്തകർ | : | അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ |
| വിഷയങ്ങൾ | : | റംബോഡി-തളർവാതം, സുനി-കാൻസർ, ദുബൽ-ബ്ലീഡിംഗ്, ലലി-ശരീരവേദന-സൗഖ്യത്തിനായും, ഷൈലേഷ്-സാത്താന്യബന്ധനം വിടുതലിനായും ജാംബുവയിൽ നടത്തപ്പെടുന്ന സുവിശേഷപ്രവർത്തനങ്ങൾക്കായും, സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും, അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

**16**

| | | |
|---|---|---|
| വായനഭാഗം | : | **റോമർ 7–9 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | മഹാരാഷ്ട്ര (ഗോന്ദിയ) |
| പ്രവർത്തകർ | : | സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു, സായിനാഥ് മല്ല |
| വിഷയങ്ങൾ | : | പുഷ്പ-ശരീരവേദന, സേവക്റാം-ബ്ലഡ് കുറവ്, ക്ഷീണം, മഹീന്ദ്ര-പക്ഷാഘാതം, കാലുവേദന, ഖുഷി-വയറുവേദന-ഇവരുടെ സൗഖ്യത്തിനായും, ശരത്ത്, സുനിൽ, ആനന്ദ്, ഓംകാർ, ശങ്കർ, സുഭാഷ്, പരാസ്-വീടുപണിയുടെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം. |

**17**

| | | |
|---|---|---|
| വായനഭാഗം | : | **റോമർ 10–12 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | മേഘാലയ (ഷില്ലോങ്) |
| പ്രവർത്തകർ | : | അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി, ഏയ്ഡൻ) |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. |

**18**

| | | |
|---|---|---|
| വായനഭാഗം | : | **റോമർ 13–16 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | നാഗാലാന്റ് (ഡിമാപൂർ) |
| പ്രവർത്തകർ | : | യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**19**

| | | |
|---|---|---|
| വായനഭാഗം | : | **1 കൊരിന്ത്യർ 1–4 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ഒഡിഷ (കണ്ധമാൽ) |
| പ്രവർത്തകർ | : | സുദാം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**20**

| | | |
|---|---|---|
| വായനഭാഗം | : | **1 കൊരിന്ത്യർ 5–7 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ഒഡിഷ (കൊട്ടഗ്രാ) |
| പ്രവർത്തകർ | : | പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**21**

| | | |
|---|---|---|
| വായനഭാഗം | : | **1 കൊരിന്ത്യർ 8–11 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ഒഡിഷ (ഹത്മുനിഗുഡ) |
| പ്രവർത്തകർ | : | പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**22**

| | | |
|---|---|---|
| വായനഭാഗം | : | **1 കൊരിന്ത്യർ 12–14 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ഒഡിഷ (കൽഹണ്ടി) |
| പ്രവർത്തകർ | : | ആശിഷ് സിംഗ് (ഭാര്യ: മുക്ത) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**23**

**വായനഭാഗം** : **1 കൊരിന്ത്യർ 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : മംഗസു - ക്യാൻസർ സൗഖ്യത്തിനായും, സൺഡേസ്കൂളിനായും, ട്യൂഷൻ സെന്ററിനായും, കുട്ടികൾക്കായും, അദ്ധ്യാപകർക്കായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഗോയൽക്കോണ ഗ്രാമത്തിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നതിനായും പ്രാർത്ഥിക്കാം.

**24**

**വായനഭാഗം** : **2 കൊരിന്ത്യർ 1– 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : ജോഗീന്ദർ കൗർ - മുഖത്തിന് നീര്, ദേവി, ലൂസി - അലർജി, ഇവരുടെ സൗഖ്യത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**25**

**വായനഭാഗം** : **2 കൊരിന്ത്യർ 7 – 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : പ്രവീൺ - രോഗസൗഖ്യത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**26**

**വായനഭാഗം** : **2 കൊരിന്ത്യർ 11 – 13 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**27**

**വായനഭാഗം** : **ഗലാത്യർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**28**

**വായനഭാഗം** : **ഗലാത്യർ 4 – 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**29**

**വായനഭാഗം** : **എഫെസ്യർ 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആഗ്യ) ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : നമ്രത - നേഴ്സിംഗ് പഠനത്തിന്റെ അനുഗ്രഹത്തിനായും, സുവിശേഷവേലക്ക് കടന്നു പോകുവാൻ ബൈക്കിനായും, ഫീൽഡിൽ ചർച്ച് പണിയുന്നതിനായും, വേല വളരുവാനും പ്രാർത്ഥിക്കാം.

**30**

**വായനഭാഗം** : **എഫെസ്യർ 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഗുൽസൻ - കാൻസർ,മീന - വയറുവേദന ഇവരുടെ സൗഖ്യത്തിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**31**

**വായനഭാഗം** : **ഫിലിപ്പിയർ 1–4 അദ്ധ്യായങ്ങൾ**
**വിഷയങ്ങൾ** : സെലിൻ - വീണു കാലൊടിഞ്ഞു, ലാലു - തല മുറിഞ്ഞു, 8 സ്റ്റിച്ച്, ജോയി - കാലുവേദന, ജസ്സി, ആരോൺ, രചന, ജോർജ്ജ്, ജയ, സൂസൻ - കാൻസർ ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കാം.



റവ. സണ്ണി
കെ ജോൺ

# യേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ

"ഇതു ചെയ്യേണ്ടതു ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി ചിന്തിക്കരുത്". (റോമർ 13:11-14)

ക്രിസ്തുവിന്റെ പുനരാഗമനത്തോട് ബന്ധപ്പെട്ടതായ അന്ത്യകാലത്തിൽ അഥവാ, പുതിയ യുഗത്തിൽ അവർ ജീവിക്കുന്നു എന്ന ചിന്ത അപ്പൊസ്തലകാലത്തെ വിശ്വാസികളുടെ ഒരു പ്രത്യേകത ആയിരുന്നു. കർത്താവിന്റെ വരവിന്റെ സാമീപ്യം ഉന്നത നിലവാരത്തിൽ ക്രിസ്തീയജീവിതം നയിക്കുന്നതിന് പ്രേരകമായി പൌലൊസ് കണ്ടിരുന്നു. 1 തെസ്സ. 5:1-8 വരെ കാണുക. റോമിലെ ക്രിസ്ത്യാനികൾ കർത്താവിനെ രക്ഷകനായി ഏറ്റുപറയുന്നതിനു മുമ്പുള്ള ജീവിതരീതി 13-ാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു. തിന്മ ചെയ്യുക മാത്രമല്ല ലജ്ജകൂടാതെയും പരസ്യമായും അസാന്മാർഗ്ഗിക ജീവിതം നയിക്കുകയും മറ്റുള്ളവർക്ക് നാശവും നഷ്ടവും വരുത്തിവെക്കുകയും ചെയ്യുന്നതായ മനഃസ്ഥിതിയാണ് മുൻകാലത്ത് അവരിൽ കുടികൊണ്ടിരുന്നത്. ഒരു മനുഷ്യനെ അധഃപതിപ്പിക്കുന്നതും മറ്റുള്ളവർക്ക് ശല്യം ഉണ്ടാക്കുന്നതും ആയ താന്തോന്നിത്തവും ഉല്ലാസവും ആണ് വെറിക്കൂത്ത് എന്ന പദത്തിന്റെ ഉള്ളടക്കം. ക്രിസ്ത്യാനികൾ മാത്രമല്ല മാന്യത പുലർത്തുന്ന ഗ്രീക്കുകാരും മദ്യപാനത്തെ നിഷിദ്ധമായി കരുതിയിരുന്നു. അവിഹിതമായ സ്ത്രീ-പുരുഷ ബന്ധങ്ങളാണ് ശയനമോഹം എന്ന പദത്തിൽ എടുത്തുകാണിച്ചിരിക്കുന്നത്. വിവാഹജീവിതത്തിൽ അവിശ്വസ്തത കാണിക്കുക ഒരു വലിയ തെറ്റും കുറ്റവുമായി അന്നത്തെ പൊതുജനാഭിപ്രായം ഗണിച്ചിരുന്നില്ല. ദുഷ്കാമം എന്നതിന് ലജ്ജാവിഹീനമായ ദുർനടപ്പ് എന്നർത്ഥം. പിണക്കം എന്നതിനെ സ്ഥാനത്തിനും മാനത്തിനും കീർത്തിക്കും വേണ്ടിയുള്ള

പ്രമാണരഹിതമായ പരക്കംപാച്ചിൽ എന്നും പറയാം. ഇരുട്ടിന്റെ പ്രവർത്തിയായി അവസാനം പറഞ്ഞിരിക്കുന്നത് അസൂയയെക്കുറിച്ച് അത്രേ. മറ്റുള്ളവരുടെ ഐശ്വര്യത്തിൽ അസ്വസ്ഥത പ്രദർശിപ്പിക്കുന്ന മനോഭാവത്തെയാണ് ദുർനടപ്പിന്റെ കൂട്ടത്തിൽ ചേർത്തിരിക്കുന്നത്. അത് ശ്രദ്ധേയമാണ്. വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കുന്നത്, അഥവാ ക്രിസ്തുവിനെ ധരിക്കുന്നതിന് ക്രിസ്തുവിശ്വാസികളെ പൗലൊസ് ആഹ്വാനം ചെയ്യുന്നു. 14-ാം വാക്യത്തിന്റെ ആദ്യഭാഗത്തിന്റെ അർത്ഥം മോഫറ്റിന്റെ തർജ്ജിമയിൽ വ്യക്തമാക്കിയിട്ടുള്ളത് ഇപ്രകാരമാണ്. "കർത്താവായ യേശുക്രിസ്തുവിന്റെ സ്വഭാവം ധരിച്ചുകൊൾവിൻ".

സഭാപിതാവും പണ്ഡിതനുമായ ഹിപ്പോയിലെ അഗസ്റ്റിനോസിന്റെ മാനസാന്തരത്തിന് 13 ഉം 14 ഉം വാക്യങ്ങളെ ദൈവം ഉപയോഗിച്ചു എന്നത് പ്രസ്താവ്യമത്രേ. അശുദ്ധിയോടുള്ള തന്റെ ജീവിത പോരാട്ടത്തിൽ വിജയംനേടി ദൈവക്ഷമയും സമാധാനവും കൈവരുത്തിയത് റോമാലേഖനത്തിലെ ഈ ഭാഗം വായിച്ചത്മൂലമായിരുന്നുവെന്ന് ആത്മകഥയിൽ അഗസ്റ്റിനോസ് വെളിപ്പെടുത്തിയിരിക്കുന്നു.

പാപത്തിന്റെ പ്രലോഭനങ്ങളെ ചെറുത്തുനിൽക്കുന്നതിനും പാപത്തിന്റെ കറയിൽനിന്ന് നമ്മെ വെടിപ്പാക്കി ശക്തിപ്പെടുത്തുന്നതിനും ദൈവാത്മാവ് നിർദ്ദേശിച്ചിരിക്കുന്ന പ്രതിവിധി ക്രിസ്തു ആകുന്ന ആയുധവർഗ്ഗം ധരിക്കുക എന്നുള്ളതാണ്.

●●●

---

(പേജ് 10 - ൽ നിന്നും)

ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് ക്രിസ്തു അരുളിച്ചെയ്തിരിക്കുന്ന വചനം നമ്മെ ബലപ്പെടുത്തട്ടെ. ആകയാൽ 'കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കയില്ല മനുഷ്യൻ എന്നോട് എന്തു ചെയ്യും' (എബ്രായർ 13:6) എന്ന ആത്മവിശ്വാസം നമ്മുടെ ക്രിസ്തീയ ഉത്തരവാദിത്വങ്ങൾ തിരിച്ചറിഞ്ഞ് ക്ഷണികമായ ഈ ലോക ജീവിതം പൂർത്തിയാക്കി അനശ്വരമായ ജീവിതം ക്രിസ്തുവിനൊപ്പം പ്രാപിക്കാൻ നമുക്ക് തുണയാകട്ടെ. ക്രിസ്തുവാകുന്ന ഏക രക്ഷിതാവിലേക്ക് നിരന്തരമായ അനുസരണയോടെ നമുക്ക് മുന്നേറാം. വിശുദ്ധജീവിതം നയിച്ച് ക്രിസ്തുവിനെപ്പോലെ നമുക്കും വിശുദ്ധരാകാം.

ക്രിസ്തു മാനവരാശിക്ക് നൽകിയ ഉത്തരവാദിത്വങ്ങൾ ആത്മീയമായും, സാമൂഹികമായും ദൗത്യപരമായും നമുക്ക് ഏറ്റെടുക്കാം. ക്രിസ്തുവിന്റെ ജീവിതം, ഉപദേശങ്ങൾ, മരണ, ഉയിർത്തെഴുന്നേൽപ്പ് എന്നിവയുടെ വലിയ സന്ദേശം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്തെന്നാൽ ദൈവം നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹത്തെ തിരിച്ചറിഞ്ഞ് വിശ്വാസത്താലും, പ്രവർത്തിയാലും കർത്താവിന്റെ കൂട്ടാളിയാകുവാനുള്ള വിളിയും, ഉത്തരവാദിത്വവും നമുക്ക് ഹൃദയപൂർവ്വം സ്വീകരിക്കാം. അതിനായി നമുക്ക് പ്രാർത്ഥിക്കാം. ഈ ഉത്തരവാദിത്വങ്ങൾ സ്വീകരിച്ച് ക്രിസ്തുവിന്റെ പ്രതിബിംബമായി ജീവിക്കാം.

●●●



# ആദരാഞ്ജലികൾ

## അന്നമ്മ ജോർജ് (57)

കൊമ്പനാട്, പുതുമന

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ജോലിചെയ്യുന്ന ശ്രീമതി. അമ്മു ജോർജിന്റെ മാതാവ് കൊമ്പനാട്, പുതുമന കുഴിക്കാടൻ വീട്ടിൽ ശ്രീമതി. അന്നമ്മ ജോർജ് (57) 14.11.2025–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



# എനിക്കു മക്കളെ തരണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും.

**ലിയനാർഡ് റാവൻഹിൽ**

**ഈ** അധഃപതിച്ച തലമുറയുടെമേൽ നരകത്തിന്റെ ചീപ്പുവാതിലുകൾ തുറക്കപ്പെട്ടിരിക്കയാൽ, ഉണർവ്വ് അത്യന്താപേക്ഷിതമാണ്. നമുക്ക് ഉണർവ്വ് ഉണ്ടായേ മതിയാവൂ. (നമുക്കതു വേണമെന്ന് നാം പറയുകയും ചെയ്യുന്നു). എന്നിരുന്നാലും ഇക്കാലത്തെ വഴുവഴുപ്പുള്ള, ആഴം ഇല്ലാത്ത വിശുദ്ധന്മാർ, വെട്ടുസുഷിരത്തിൽ നാണയമിട്ടു പ്രവർത്തിപ്പിക്കുന്ന യന്ത്രസംവിധാനംപോലെ സ്വർഗ്ഗം തുറന്ന് ഉണർവ്വ് ഉണ്ടാക്കുവാൻ ആഗ്രഹിച്ചേക്കാമെങ്കിലും അവന്റെ മഹത്വമാർന്ന ശക്തിയെ ദൈവം ആ നിലയിൽ യന്ത്രവൽക്കരിച്ചിട്ടില്ല.

'ഹീബ്രിഡീസ് എന്ന സ്ഥലത്തുണ്ടായതുപോലെ ഞങ്ങളിലും ഉണർവ്വ് ഉണ്ടായെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.' എന്ന് അടുത്തകാലത്ത് ഒരു പാസ്റ്റർ പറയുകയുണ്ടായി. എന്നാൽ സഹോദരാ, കേവലം ആഗ്രഹിച്ചതുകൊണ്ടായിരുന്നില്ല, ഹീബ്രിഡീസിൽ ഉണർവ്വ് ഉണ്ടായത്. ജീവനുള്ള ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ പൊടിയുടെ ബലഹീനമക്കൾ വിശുദ്ധ സഭായോഗം വിളിച്ചുകൂട്ടി ഒരു ഉപവാസദിനം വേർതിരിക്കുകയും വിലാപത്തോടും കണ്ണീരോടുംകൂടെ അയ്യം വിളിച്ചുകൊണ്ട് കാത്തിരിക്കുകയും ചെയ്തതുകൊണ്ടത്രെ, സ്വർഗ്ഗം തുറക്കപ്പെടുകയും കർത്താവിന്റെ അനന്തമായ ശക്തി ആ ദ്വീപു സമൂഹങ്ങളെ പിടിച്ചുകുലുക്കുകയും ചെയ്തത്. ആ സന്ദർശനമുണ്ടായത്, തന്റെ പ്രിയപുത്രനെ ഉല്പാദിപ്പിക്കുവാനുള്ള (ഗർഭം ധരിക്കുവാനുള്ള) ഒരു കന്യകയെ അന്വേഷിച്ചവന്, ആ സ്ഥലത്തു ഉജ്ജ്വലമായ ദർശനവും ഘനമേറിയ ആത്മഭാരവും കന്യകാസമാനമായ നിർമ്മലതയുമുള്ള ഒരുകൂട്ടം ആളുകളെ കണ്ടെത്തുവാൻ കഴിഞ്ഞതുകൊണ്ടാണ്. അവരുടെ പ്രാർത്ഥനയിൽ അവർക്ക് രണ്ടുതരം ഉദ്ദേശ്യമില്ലായിരുന്നു. തോറ്റുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ മുഖഭാവത്തെ രക്ഷിക്കാൻ ആഗ്രഹിച്ചുകൊണ്ട് നിറപ്പകിട്ടാർന്ന അപേക്ഷകളുമുണ്ടായിരുന്നില്ല. ദൈവത്തിന്റെ മഹത്വം എന്ന ഏക ലക്ഷ്യമാണ് അവർക്കുണ്ടായിരുന്നത്. തങ്ങളേക്കാൾ കൂടുതൽ അഭിവൃദ്ധിയുള്ള മറ്റൊരു കൂട്ടത്തോട് അസൂയയുള്ളവരും ആയിരുന്നില്ല അവർ. പ്രത്യുത സൈന്യങ്ങളുടെ കർത്താവിന്റെ മഹത്വം പൊടിയിലായിരിക്കുന്നതും അവന്റെ മന്ദിരത്തിന്റെ ചുവരുകൾ ഇടിഞ്ഞുപൊളിഞ്ഞും, അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തും കിടക്കുന്നതു കണ്ട് തീക്ഷ്ണതയുള്ളവർ ആയിരുന്നു അവർ.

പരിവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനെ ആകർഷിക്കുന്നതിന്, അടിസ്ഥാന വേദപുസ്തക പത്ഥ്യോപദേശം പിടിച്ചുകൊള്ളുന്ന ഒരു സഭാകൂട്ടം അതിൽത്തന്നെ ഒരു കുടുക്ക് അല്ല. പ്രിയരെ, ലോകത്തിലെങ്ങും നമുക്ക് അങ്ങനെയുള്ള ആയിരക്കണക്കിന് കൂട്ടങ്ങൾ ഉണ്ട്. പതിനേഴുവയസ്സുള്ള ഒരു പെൺകുട്ടിയും അതേ പ്രായത്തിലുള്ള ഒരു ആൺകുട്ടിയും നിയമപ്രകാരം വിവാഹിതരും ഒരു കുഞ്ഞിന്റെ മാതാപിതാക്കൾ ആകുവാൻ യോഗ്യരും ആയിത്തീർന്നേക്കാം. എങ്കിലും അത് അതിൽത്തന്നെ സന്താനോല്പാദനത്തെ നീതികരിക്കുന്നുണ്ടോ? എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കാനുള്ള സാമ്പത്തിക കഴിവ് അവർക്കുണ്ടാകുമോ? ഒരു ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്കത്തക്ക മാനസിക പക്വത അവർക്കുണ്ടായിരിക്കുമോ? ചില സുവിശേഷവിഹിത സഭകളിൽ, ഉണർവ്വ് ഒരാഴ്ചകൊണ്ട വസാനിക്കും. കാരണം അവർക്കുവേണ്ടി കരുതുവാൻ 'യിസ്രായേലിലെ അമ്മമാർ' എവിടെ? നമ്മുടെ വിശ്വാസികളിൽ എത്രപേർക്ക് ഒരാത്മാവിനെ അന്ധകാരത്തിൽനിന്നും വെളിച്ചത്തിലേക്ക് ആനയിക്കുവാൻ കഴിയും? ഇന്നത്തെ സാഹചര്യത്തിൽ ഈ ചില സഭകളിൽ ആത്മീയ ജനനങ്ങൾ നടക്കുന്നത് ഇപ്പോൾ ജനിച്ച ഒരു ശിശുവിനെ ഉറഞ്ഞ മഞ്ഞിലേക്കെറിയുന്നതുപോലെ ആയിരിക്കും!

ഒരു കുട്ടിയുടെ സ്വാഭാവിക ജനനഘട്ടം ഗർഭധാരണ മാസങ്ങൾകൊണ്ടും പ്രസവവേദനയുടെ ദിവസങ്ങൾകൊണ്ടും മുൻകൂട്ടി നിശ്ചയിക്കുന്നു. അങ്ങനെതന്നെയാണ് ഒരു ആത്മീയ ശിശുവിന്റെ ജനനവും, യേശു തന്റെ സഭക്കുവേണ്ടി പ്രാർത്ഥിച്ചു. എന്നാൽ അതിനെ ആത്മീയജനനത്തിലേക്കു കൊണ്ടുവരേണ്ടതിന് അവൻ തന്നെത്താൻ

മരണത്തിനായി ഏല്പിച്ചുകൊടുത്തു. പൌലൊസ് സഭക്കുവേണ്ടി ദിനരാത്രങ്ങൾ വളരെ അധികമായി പ്രാർത്ഥിച്ചു. അതിലുമുപരിയായി അവൻ പാപികൾക്കായി പ്രസവവേദനപ്പെട്ടു. "സീയോനോ നോവ്കിട്ടിയ ഉടൻതന്നെ മക്കളെ പ്രസവിച്ചു.". "നിങ്ങൾ പുതുതായി ജനിക്കണം." എന്നു പ്രസംഗികൾ ആഴ്ചതോറും ആഹ്വാനം ചെയ്യുന്നുണ്ടെങ്കിലും, "നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" എന്നു പൌലൊസിനോടു ചേർന്നു പറയുവാൻ എത്രപേർക്കു കഴിയും? അങ്ങനെ അവൻ വിശ്വാസത്താൽ അവരുടെ പിതാവായിത്തീർന്നു. അവൻ അവർക്കുവേണ്ടി കേവലം പ്രാർത്ഥിച്ചു എന്നു പറയുന്നില്ല. പ്രത്യുത അവൻ അവർക്കായി പ്രസവവേദനപ്പെട്ടു എന്നാണ് അർത്ഥമാക്കിയത്. കഴിഞ്ഞ ശതകത്തിൽ ശാരീരിക ജനനനിരക്ക് ആത്മീയ ജനനനിരക്കുപോലെ താണതായിരുന്നു എങ്കിൽ, മനുഷ്യജാതിതന്നെ മിക്കവാറും അപ്രത്യക്ഷമാകുമായിരുന്നു. 'ക്രിസ്തീയജീവിതം നയിക്കേണ്ടതിന്, പ്രാർത്ഥിക്കണം.' എന്നാണ് നാം പറയുന്നത്. പരമാർത്ഥത്തിൽ ക്രിസ്തീയജീവിതം നയിച്ചെങ്കിലേ പ്രാർത്ഥിക്കാൻ കഴിയു എന്നതാണ് സത്യം. "നിങ്ങൾ എന്നിൽ വസിച്ചാൽ... നിങ്ങൾ ചോദിക്കും." അതായത് പ്രാർത്ഥിക്കും... 'ചോദിക്കുക' എന്നുള്ളതിൽ പ്രിയപ്പെട്ടവരുടെ രക്ഷെക്കായുള്ള നമ്മുടെ അപേക്ഷകളും ഉൾപ്പെടുന്നുവെന്ന് എനിക്കറിയാം. എങ്കിലും പ്രാർത്ഥന എന്നത് ചോദിക്കുന്നതിലും ഉപരിയായിട്ടുള്ളതത്രെ. പ്രാർത്ഥന, നിശ്ചയമായും, പരിശുദ്ധാത്മാവിന് നമ്മിലും നമ്മിലൂടെയും പ്രവർത്തിക്കുന്നതിന് നമ്മെത്തന്നെ അവനു കീഴ്പെടുത്തിക്കൊടുക്കുകയാകുന്നു. ഉല്പത്തിപുസ്തകം ഒന്നാം അദ്ധ്യായത്തിൽ ജീവനുള്ളതൊക്കെയും അതതു തരത്തിലുള്ളത് ഉല്പാദിപ്പിച്ചു. അങ്ങനെയെങ്കിൽ പുനർജനനത്തിലും വാസ്തവമായി വീണ്ടുംജനനം പ്രാപിച്ച ഓരോ ദേഹിയും മറ്റുള്ളവരെ ജനനത്തിങ്കലേക്ക് കൊണ്ടുവരേണ്ടതല്ലയോ.?

സുവിശേഷകന്മാരായ നമുക്ക് ധാരാളം പ്രശംസ ലഭിക്കാറുണ്ട് - പലപ്പോഴും നമ്മുടേതല്ലാത്തതും കിട്ടാറുണ്ട്. മണിക്കൂർകണക്കെ പ്രാർത്ഥിക്കുന്ന ഐർലണ്ടുകാരിയായ ഒരു സ്ത്രീ, ദിവസംതോറും ഈ പാവപ്പെട്ട വിക്കനുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. മറ്റുള്ളവർ എന്നോടു പറയുന്നത്. "നിങ്ങൾക്കുവേണ്ടി ദൈവത്തെ മുറുകെപ്പിടിക്കാതെ ഒരൊറ്റദിവസവും കടന്നുപോകുന്നില്ല." എന്നാണ്. എനിക്കു മതിപ്പു ലഭിക്കത്തക്കവണ്ണം അവർ അനേകരെ ജനനത്തിങ്കലേക്ക് കൊണ്ടുവന്നിട്ടുണ്ട്. പരമാർത്ഥത്തിൽ ഞാൻ പലപ്പോഴും ഒരു സൂതികർമ്മിണിയെപ്പോലെ പ്രവർത്തിക്കമാത്രമേ ചെയ്തിട്ടുള്ളു. പ്രതിഫലം വിഭാഗിക്കുന്ന നാളിൽ വലിയ പ്രതിഫലങ്ങൾ അജ്ഞാതരായ ശിഷ്യന്മാർക്കു ലഭിക്കുമ്പോൾ നമുക്ക് ആശ്ചര്യം ഉണ്ടായേക്കാം. പൊതുജനദൃഷ്ടികളെ പിടിച്ചുപറ്റുന്ന പ്രസംഗകരായ നാം ഏറ്റവും കുറച്ച് പ്രതിഫലം ലഭിക്കുന്നവരുടെ കൂട്ടത്തിലായിരിക്കുമെന്ന് ഞാൻ ചിലപ്പോൾ ചിന്തിക്കാറുണ്ട്. ഉദാഹരണത്തിന്, ഇരുപതുവർഷം മുമ്പ് പ്രസംഗിച്ച പ്രസംഗം അതേപടി ഇന്നും പ്രസംഗിക്കുന്ന ആളുകളെ എനിക്കറിയാം-അത് ഇനി ഒരിക്കലും ജീവൻ കൊടുക്കുന്നതേയല്ല, അങ്ങനെയുള്ള പ്രസംഗികളും പ്രാർത്ഥിക്കുന്നവരാണ്. അവരിൽ ഒരാൾ കുറേനാളുകൾക്കുമുമ്പ് എന്നോട് ഇങ്ങനെ സമ്മതിച്ചു. "ഇല്ല സഹോദരാ, ഞാൻ മുമ്പ് പ്രാർത്ഥിച്ചിരുന്നതുപോലെ ഇപ്പോൾ പ്രാർത്ഥിക്കാറില്ല, എന്നിരുന്നാലും പ്രിയ കർത്താവ് അതു മനസ്സിലാക്കുന്നുണ്ട്" അതേ, അവൻ ശരിക്കും മനസ്സിലാക്കുന്നുണ്ട്, എങ്കിലും നാം എന്തായിരിക്കണം എന്നു അവൻ ആഗ്രഹിക്കുന്നതിലും കൂടുതൽ തിരക്കുള്ളവരായി നാം തീർന്നാൽ അത് അവൻ പൊറുക്കുകയില്ല.

പ്രസവത്തിൽ നമ്മുടെ മാതാക്കൾ സഹിച്ചിരുന്ന കഷ്ടതകൾക്ക് അല്പമൊക്കെ ശമനം വരുത്തുവാൻ ശാസ്ത്രത്തിനു സാധിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും ഗർഭസ്ഥശിശുവിന്റെ രൂപീകരണത്തിനു വേണ്ടിവരുന്ന ദീർഘവും സാവധാനവുമായ മാസങ്ങളെ കുറെക്കുവാൻ ശാസ്ത്രത്തിന് ഒരിക്കലും സാദ്ധ്യമല്ലതന്നെ. ഇതുപോലെതന്നെ പ്രസംഗികളായ നാമും ജനങ്ങളെ രക്ഷെക്കായോ, പരിശുദ്ധാത്മ നിറവിന്നായോ നമ്മുടെ വേദിയിലേക്ക് കൊണ്ടുവരുന്നതിനു എളുപ്പവഴികൾ കണ്ടുപിടിച്ചിട്ടുണ്ട്. രക്ഷെക്കായി ജനത്തെ, കൈ ഉയർത്തിപ്പിടിപ്പിച്ചശേഷം താഴ്ത്തുവാൻ അനുവദിക്കുന്നു! വേദിയിങ്കലെ ഞരക്കം നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മനിറവു പ്രാപിക്കേണ്ടതിനായി ആളുകളോട് പറയുന്നത്, 'സുവിശേഷകൻ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ആയിരിക്കുന്നിടത്ത് അങ്ങനെ തന്നേ നിൽക്കുക, നിങ്ങൾ നിറയപ്പെടും.' എന്നത്രെ. അയ്യോ എത്രയോ ലജ്ജാകരം! സഹോദരാ, അത്ഭുതം നടക്കുന്നതിനു മുമ്പു യഥാർത്ഥ ഉണർവ്വിനും, ആത്മജനനത്തിനും പിന്നെയും ആവശ്യമായിരിക്കുന്നത് പ്രസവവേദനയത്രേ.

പുറത്തേക്കുവരുന്ന ശിശു മാതൃശരീരത്തെ

(ശേഷം പേജ് 30 - ൽ)


## ബധിരർക്കിടയിൽ സുവിശേഷമെത്തിക്കാനായി (AI)യുടെ സഹായം ഉപയോഗിക്കുന്നു.



**ലോ**കത്തിലെ 70 ദശലക്ഷം ബധിരരിൽ 2 ശതമാനം മാത്രമേ യേശുവിനെ പിന്തുടരുന്നുള്ളൂ. യുഎസ് ആസ്ഥാനമായുള്ള ഡോർ ഇന്റർനാഷണൽ മിനിസ്ട്രി സുവിശേഷം കേൾക്കാൻ കഴിയാത്ത സമൂഹത്തിനായി സുവിശേഷം പങ്കുവെക്കുന്നതിനു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനുള്ള പദ്ധതി നോക്കുന്നതായി റിപ്പോർട്ട്. 85-ലധികം ആംഗ്യ ഭാഷകളിൽ ബൈബിൾ വിവർത്തനംചെയ്യുന്നതിനും അവർക്കായി ചർച്ചുകൾ സ്ഥാപിക്കുന്നതിനും സുവിശേഷകരെ പരിശീലിപ്പിക്കുന്നതിനുമായി വിശ്വാസി സമൂഹവുമായി ചേർന്ന് പ്രവർത്തിക്കാൻ ഡോർ മുന്നിട്ടിറങ്ങുന്നു. വിശാലമായ ബധിരസമൂഹത്തെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കാനായുള്ള പരിശ്രമത്തിൽ ആംഗ്യഭാഷാ ബൈബിൾ വിവർത്തനങ്ങൾക്കായി കലാസൃഷ്ടികൾ രൂപപ്പെടുത്താൻ എഐ ഉപയോഗിക്കാമോ എന്നുള്ള പരീക്ഷണത്തിലാണ്. ബധിരസമൂഹങ്ങളിലെ ഭൂരിപക്ഷത്തിനും ഇന്ന് സുവിശേഷം അപ്രാപ്യമായ സ്ഥിതിവിശേഷത്തിലാണ്. പലരും അവഗണിക്കപ്പെടുന്നു. സോഷ്യൽ മീഡിയായിലൂടെ എഐ സാധ്യത പ്രയോജനപ്പെടുത്തുവാനുള്ള പരിശ്രമമാണ് നടത്തുന്നതെന്ന് ഡോർ ഇന്റർനാഷണൽ പ്രസിഡന്റ് റോബർട്ട് മിയേഴ്സ് പറയുന്നു.

Source: www.disciplesnews.com

## ഇരട്ടക്കോണിയുടെ വിസ്മയവും ഇരട്ട വ്യക്തിത്വത്തിന്റെ അമ്പരപ്പും: ഡിഎൻഎയുടെ 'ഗോഡ്ഫാദർ' നൊബേൽ വിറ്റത് എന്തിന്?



'**ന**മ്മൾ ജീവന്റെ രഹസ്യം കണ്ടെത്തി.'- 1953 ൽ കേംബ്രിജിലെ ലാബിൽവെച്ച് വാട്സൺ തന്റെ സഹപ്രവർത്തകൻ ഫ്രാൻസിസ് ക്രിക്കിനോട് ആവേശത്തോടെ പറഞ്ഞ വാക്കുകളാണിത്. 24 വയസ്സ് മാത്രം പ്രായമുള്ള വാട്സൺ, ബ്രിട്ടീഷ് ശാസ്ത്രജ്ഞരായ ക്രിക്ക്, മോറിസ് വിൽക്കിൻസ് എന്നിവരുമായി ചേർന്ന് ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയത് ഒരു തന്മാത്രാ ഘടനയായിരുന്നു. ഡിഎൻഎയുടെ ഇരട്ട ഹെലിക്സ് (Double Helix). നവംബർ 6-ന് അമേരിക്കൻ ശാസ്ത്രജ്ഞനായ ഡോ. ജെയിംസ് ഡി വാട്സൺ 97-ാം വയസ്സിൽ അന്തരിക്കുമ്പോൾ, ശാസ്ത്രലോകം വിട നൽകി. പിന്നാലെ ഒരു നെടുവീർപ്പുമിട്ടു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ കണ്ടുപിടിത്തങ്ങളിലൊന്നിന് ഉടമയായിരുന്ന ഈ മനുഷ്യൻ, 2014-ൽ തന്റെ നൊബേൽ സമ്മാന മെഡൽ 4.1 മില്യൺ ഡോളറിന് (ഏകദേശം 34 കോടി രൂപ) വിറ്റഴിച്ചിരുന്നുവെന്ന വിചിത്രമായ വാർത്തകൂടി ബാക്കിവെച്ചാണ് കടന്നുപോയത്.

**ജനിതക വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്ന പിരിയൻ ഗോവണി!**

വെറും 'കണ്ടെത്തൽ' ആയിരുന്നില്ല, അതൊരു 'ബിഗ് ബാങ്' ആയിരുന്നു ജീൻ എങ്ങനെ പ്രവർത്തിക്കുന്നു. പാരമ്പര്യം എങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്നു. എയ്ഡ്സ് മുതൽ കാൻസർ വരെയുള്ള രോഗങ്ങൾ എവിടെനിന്നാണ് വരുന്നത്. ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരംനൽകിയ മാസ്റ്റർ ബ്ലൂപ്രിന്റായിരുന്നു ഡിഎൻഎ. നമ്മൾ കാണുന്ന ബയോടെക്നോളജി, ജീൻ തെറപ്പി, ഫൊറൻസിക് ഡിഎൻഎ പരിശോധന (കുറ്റവാളികളെ കണ്ടെത്തുന്നത്), കൃഷിയിലെ ജനിതകമാറ്റം (GMO) എന്നിവക്കെല്ലാം അടിത്തറയിട്ടത് ഈ ഇരട്ടക്കോണി ഘടനയാണ്. ഈ നേട്ടത്തിന് 1962-ൽ വാട്സൺ, ക്രിക്ക് വിൽക്കിൻസ് എന്നിവർക്ക് നൊബേൽ സമ്മാനം ലഭിച്ചെങ്കിലും ഈ ഘടന കണ്ടെത്താൻ നിർണ്ണായകമായ 'X' റേ ഡിഫ്രാക്ഷൻ ചിത്രങ്ങൾ എടുത്ത റോസലിൻഡ് ഫ്രാങ്ക്ലിൻ അപ്പോഴേക്കും മരണപ്പെട്ടതിനാൽ അവർക്ക് പുരസ്കാരം ലഭിച്ചില്ല.

**നോബേൽ മെഡൽ 4.1 മില്യൺ ഡോളർ**

2014-ൽ വാട്സൺ തന്റെ നൊബേൽ മെഡൽ ലേലംചെയ്തപ്പോൾ പലരും നെറ്റിചുളിച്ചു. വിവാദ പ്രസ്താവനകൾ കാരണം താൻ ഒറ്റപ്പെട്ടുപോയി, പൊതുവേദികളിൽനിന്ന് ഒഴിവാക്കപ്പെട്ടു. അതിനാൽ സാമ്പത്തിക ഞെരുക്കമുണ്ട്. ലഭിക്കുന്ന തുക ശാസ്ത്ര ഗവേഷണത്തിനായി നൽകും എന്നാണ് അദ്ദേഹം പറഞ്ഞത്. ഡിഎൻഎയുടെ 'ഗോഡ്ഫാദറിന്' പണത്തിന് ബുദ്ധിമുട്ടുണ്ടെന്നത് ഒരു തമാശപോലെയാണ് എല്ലാവർക്കും തോന്നിയത്. പക്ഷേ വാട്സൺ വളർത്തിക്കൊണ്ടുവന്ന കോൾഡ് സ്പ്രിംഗ് ഹാർബർ ലബോറട്ടറി (CSHL) പോലുള്ള സ്ഥാപനങ്ങളിൽ അദ്ദേഹത്തിന് 'സ്ഥാനമില്ലാത്ത' അവസ്ഥ വന്നപ്പോൾ അദ്ദേഹം ഒറ്റപ്പെടൽ അനുഭവിച്ചു എന്നത് പരസ്യമായ രഹസ്യമാണ്. ലേലത്തിൽ 4.1 മില്യൺ ഡോളറിന് മെഡൽ സ്വന്തമാക്കിയത് ഒരു റഷ്യൻ ശതകോടീശ്വരനായിരുന്നു. - ആലിഷർ ഉസ്മാനോവ്. അദ്ദേഹം മെഡൽ വാങ്ങി വാട്സണ് തിരികെ നൽകിക്കൊണ്ട് പറഞ്ഞു. "ഒരു മഹാനായ ശാസ്ത്രജ്ഞന്റെ പാരമ്പര്യം വിൽക്കപ്പെടരുത്." വാട്സണിന്റെ വ്യക്തിപരമായ ജീവിതശൈലിയും അഭിപ്രായങ്ങളും പരാജയമായിരുന്നു. അദ്ദേഹം ലോകത്തിന് മുന്നിൽവെച്ച ഏറ്റവും വലിയ ബോംബ് ആയിരുന്നു വംശീയ പരാമർശങ്ങൾ. ഒരു ഭാഗത്ത് മനുഷ്യന്റെ ജനിതക രൂപടം (Human Genome Project) പൂർത്തിയാക്കാൻ നേതൃത്വംനൽകിയ മഹാരഥൻ. മറുഭാഗത്ത് അതേ മനുഷ്യരെ അവരുടെ തൊലിയുടെ നിറം നോക്കി അളന്നെന്ന ചീത്തപ്പേര് കേട്ടു. ഡിഎൻഎ ഇരട്ട ഹെലിക്സ് പോലെ, വാട്സണിന്റെ ജീവിതവും 'വൈരുദ്ധ്യങ്ങളുടെ ഇരട്ട ഹെലിക്സ്' ആയിരുന്നു.

Source: www.manoramaonline.com

(പേജ് 30 – ൽ നിന്നും)

സ്ഥാനംതെറ്റിക്കുന്നതുപോലെ തന്നെയത്രെ വളർന്നുകൊണ്ടിരിക്കുന്ന ഉണർവ്വിൻ ‘ശരീരവും’ ദേഹികൾക്കായുള്ള പ്രസവവേദനയും സഭയുടെയും സ്ഥാനം മാറ്റുന്നത്. അമ്മയാകുവാനുള്ളവൾ പ്രസവസമയം അടുക്കമ്പോൾ കൂടുതൽ പരിക്ഷീണയായി തീരുന്നു (പലപ്പോഴും ഉറക്കമില്ലാത്തതെങ്കിലും കണ്ണുനീരില്ലാതെയല്ല, രാത്രികൾ കഴിച്ചുകൂട്ടുന്നത്) അങ്ങനെ തിരുനിവാസത്തിലെ വിളക്കുകൾ പ്രകാശിക്കുന്നത്, ശോകാകുലരായി പാപം പേറുന്ന അഭയയാചനക്കാരുടെ ദേഹികൾ ജനത്തിന്റെ അതിക്രമങ്ങൾ നിമിത്തം പകരുന്ന അർദ്ധരാത്രിയിലെ എണ്ണയാൽ അത്രെ.

പ്രതീക്ഷാനിർഭരയായ മാതാവ് പലപ്പോഴും ഭക്ഷണത്തിനുള്ള അഭിരുചി ഇല്ലാത്തവളായി തീരുകയും, അവൾ പ്രസവിക്കാനുള്ള ശിശുവിന്റെ താൽപ്പര്യാർത്ഥം ചില കാര്യങ്ങളെ വർജ്ജിക്കുകയും ചെയ്യുന്നു; ആകയാൽ ഭക്ഷ്യവർജ്ജനവും കർത്താവിന്റെ മുമ്പാകെ ശാന്തമായി കിടക്കുവാനുള്ള അത്യുൽക്കടമായ സ്നേഹവും സഭയുടെ വന്ധ്യത്വത്തിന്റെ ലജ്ജയാൽ വിശ്വാസികളെ ഗ്രസിച്ചുകളയുന്നു. പ്രസവകാലം അടുത്തുവരുമ്പോൾ ഗർഭിണികളായ സ്ത്രീകൾ പൊതുദൃഷ്ടിയിൽ നിന്നും ഒളിക്കുന്നതുപോലെ, ആത്മാക്കൾക്കായി പ്രസവവേദനപ്പെടുന്നവർ പ്രസിദ്ധി ആഗ്രഹിക്കാതിരിക്കുകയും പരിശുദ്ധനായ ദൈവത്തിന്റെ മുഖം അന്വേഷിക്കയും ചെയ്യുന്നു. (തുടരും)

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം

# സാത്താന്യബന്ധനത്തിൽ നിന്നും വിടുതൽ



നാലു വർഷം മുൻപ് സാത്താന്യബന്ധനത്താൽ ഞാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. കെട്ടിത്തൂങ്ങിയും, വിഷം കഴിച്ചും ആത്മഹത്യചെയ്യാൻ ഞാൻ ശ്രമിച്ചു. എനിക്ക് എന്തെങ്കിലും സംഭവിക്കുമെന്ന് ഭയന്ന് എപ്പോഴും ആരെങ്കിലും എന്റെ കൂടെയുണ്ടായിരുന്നു. എപ്പോഴാണ് മരിക്കുവാൻ ശ്രമിക്കുന്നത് എന്ന് എനിക്കുപോലും അറിയില്ലാത്ത അവസ്ഥയായിരുന്നു. എപ്പോഴും എനിക്ക് വിഷാദം ആയിരുന്നു. ഒന്നും ചെയ്യാതെ വീട്ടിൽത്തന്നെയിരുന്നു. ദുരാത്മാക്കൾ എന്നെ വിടാതെ പിടികൂടിയിരുന്നു. ആ സമയത്തു ഞാൻ എല്ലാവരെയും ഉപദ്രവിക്കും. ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിമാർ എനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചു. കർത്താവായ യേശുക്രിസ്തു എന്നെ ദുരാത്മാക്കളിൽനിന്ന് മോചിപ്പിച്ചു, ഞാൻ സുഖംപ്രാപിച്ചു. ഇപ്പോൾ, ഞാൻ പൂർണ്ണമായും സുഖമായിരിക്കുന്നു, വീട്ടിൽ ജോലി ചെയ്യുന്നു, ഞാനും എന്റെ കുടുംബവും ദൈവകൃപയാൽ ഇപ്പോൾ സ്വസ്ഥമായിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന് നന്ദി.

ഹിതേഷ് കെവാട്ട്, ബിലാസ്പൂർ



# ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :............................................................................ ഒപ്പ്:.......................

1. റോമൻ കാത്തലിക് സിറിയൻ ക്രിസ്ത്യൻ യുവാവ് (37 വയസ്സ്, 170 സെ.മീ) ഇലക്ട്രോണിക് മെക്കാനിക്ക് ഡിപ്ലോമ, ക്വാളിറ്റി സൂപ്പർവൈസറായി ജോലിചെയ്യുന്നു. (SFO Tecnology, Kakkanad) റോമൻ കാത്തലിക് സിറിയൻ സഭകളിലെ യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
PH: 8089694564, 9446612564

# ആരോഗ്യവിചാരം

## സമയമുണ്ടല്ലോ, നാളെയാവട്ടെ; സ്വയം ഒഴികഴിവ് പറയാറുണ്ടോ? സൂക്ഷിക്കണം.



'ആഗ്രഹമുണ്ട് പക്ഷെ എന്നെക്കൊണ്ട് സാധിക്കില്ല.' കാര്യങ്ങൾ ചെയ്തു തുടങ്ങുന്നതിന് മുമ്പുള്ള ഈ ഭയമാണ് പ്രൊക്രാസ്റ്റിനേഷൻ അഥവാ കാര്യങ്ങൾ നീട്ടിവെക്കാനുള്ള പ്രവണതയുടെ അടിസ്ഥാനം. നാളെമുതൽ എല്ലാം ശരിയാക്കാം... എന്നാൽ നാളെയോ മറ്റന്നാളോ കടന്നുപോയാലും കാര്യങ്ങൾ ഒരിഞ്ച്പോലും മുന്നോട്ടു പോയിട്ടുണ്ടാവില്ല. പലപ്പോഴും അതിനുവേണ്ടി വളരെയധികം സമയം ചെലവാക്കി, തലകുത്തി പണിതാലും ഇതുതന്നെ അവസ്ഥ. പുറമെ ഇത് മടിയാണെന്ന് തെറ്റിദ്ധരിക്കാറുണ്ട്.

ആഴത്തിലുള്ള, അന്തർലീനമായ വൈകാരിക ക്ലേശത്തിന്റെ ലക്ഷണമാണിത്. കാര്യങ്ങൾ നീട്ടിവെക്കുന്നത് താൽക്കാലികമായ ഒരു ആശ്വാസം നൽകിയേക്കാം. എന്നാൽ സമയപരിധി അടുക്കുന്തോറും ഇത് ഉത്കണ്ഠ, സമ്മർദ്ദം കുറ്റബോധം എന്നിവയിലേക്ക് നയിക്കാം. ഉത്കണ്ഠ അമിതമായവരിൽ പ്രൊക്രാസ്റ്റിനേഷൻ വളരെ സാധാരണമായി കാണാറുണ്ട്. അത്തരക്കാർക്ക് വളരെ ചെറിയ ജോലിപോലും ഭീഷണിപ്പെടുത്തുന്ന ഒന്നായി തോന്നാം. പരാജയത്തെയോ വിജയത്തെയോ ഭയപ്പെടുമ്പോൾ നിങ്ങളുടെ മസ്തിഷ്കം നിങ്ങളോട് ആവർത്തിച്ചു പറയും. ഞാൻ ആരംഭിച്ചില്ലെങ്കിൽ പരാജയത്തെ ഭയക്കേണ്ട കാര്യമില്ല. ഇതേത്തുടർന്ന് കാര്യങ്ങൾ നീട്ടിവെക്കും.

**പ്രൊക്രാസ്റ്റിനേഷനെ ട്രിഗർചെയ്യുന്ന ഘടകങ്ങൾ**

**പെർഫക്ഷനിസം**

കാര്യങ്ങൾ പെർഫെക്റ്റ് ആയി ചെയ്യുകയെന്നത് പലരിലും അമിതസമ്മർദം ഉണ്ടാക്കും. അവർ അസാധ്യമായ ഉയർന്ന നിലവാരങ്ങളെ മുറുകെപ്പിടിക്കുന്നു. അതുകൊണ്ട്തന്നെ ഒരു ജോലി കുറ്റമറ്റതാക്കാൻ സേയ്ഫ് സോൺ ആകുന്നതു വരെ കാത്തിരിക്കുകയും അവ തുടങ്ങാതിരിക്കുകയും ചെയ്യുന്നു.

**ആത്മവിശ്വാസക്കുറവ്**

സ്വന്തം കഴിവുകളെ സംശയിക്കുന്ന ആളുകൾ പലപ്പോഴും പരാജയത്തിൽനിന്ന് സ്വയം രക്ഷപ്പെടാൻ കാര്യങ്ങൾ മനഃപൂർവ്വം വൈകിപ്പിക്കുന്നു. സ്ഥിരമായ പരിഭ്രാന്തിയുടെയും പ്രൊക്രാസ്റ്റിനേഷൻ എന്ന അവസ്ഥയിലൂടെയും കടന്നുപോകുന്നത് ശരീരത്തിന്റെ സമ്മർദ്ദപ്രതികരണത്തെ സജീവമാക്കുന്നു. ഇത് ശരീരത്തിലെ സമ്മർദ്ദ ഹോർമോൺ ആയ കോർട്ടിസോളിന്റെ അളവ് ഉയർന്ന നിലയിൽ നിലനിർത്തുന്നു. ഇത് ശരീരത്തെ നിരന്തരം ഫൈറ്റ് ഓർ ഫ്ളൈറ്റ് പ്രതികരണത്തിലേക്ക് നയിക്കും. കാലക്രമേണ, പ്രതിരോധശേഷി ദുർബലപ്പെടുത്തുകയും വീക്കം വർധിപ്പിക്കുകയും ഉറക്കത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. മാനസികാവസ്ഥയിലെ പെട്ടെന്നുള്ള മാറ്റങ്ങൾ. ശരീരത്തിൽ അഡ്രിനാലിനിൽ എന്ന ഹോർമോണിന്റെ ഉൽപ്പാദനം കൂടാനും, ഇത് ക്ഷീണത്തിനും വൈകാരിക അസ്ഥിരതക്കും കാരണമാകുകയും ചെയ്യുന്നു.

**പ്രൊക്രാസ്റ്റിനേഷനെ എങ്ങനെ അകറ്റിനിർത്താം.**

ഭയം, ലജ്ജ, സ്വയം സംശയം തുടങ്ങിയവയെ ട്രിഗർചെയ്യുന്ന കാര്യങ്ങൾ മനസിലാക്കുകയും തെറപ്പിയിലൂടെ അവ പരിഹരിക്കുകയുമാണ് വേണ്ടത്. കുടുങ്ങിപ്പോയി എന്ന തോന്നൽ ഉണ്ടായാൽ, മൈക്രോ - ആക്ഷനുകളിൽനിന്ന് ആരംഭിക്കുക. കോഗ്നിറ്റീവ് ബിഹേവിയറൽ തെറപ്പി (CBT). അക്സപ്റ്റൻസ് ആൻഡ് കമ്മിറ്റ്മെന്റ് തെറപ്പി (ACT) എന്നിവ വിട്ടുമാറാത്ത പ്രൊക്രാസ്റ്റിനേഷന് ഉപകാരപ്രദമാണ്. കോഗ്നിറ്റീവ് ബിഹേവിയറൽ തെറപ്പി, ടാസ്ക്കുകൾ ചെറുതും കൈകാര്യം ചെയ്യാവുന്നതുമായ ഭാഗങ്ങളായി വിഭജിക്കാൻ സഹായിക്കുന്നു. അതേസമയം, അക്സപ്റ്റൻസ് ആൻഡ് കമ്മിറ്റ്മെന്റ് തെറപ്പി മനസ്സോടെയുള്ള സ്വീകാര്യതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അസുഖകരമായ വികാരങ്ങളെ ചെറുക്കുന്നതിനു പകരം, നിങ്ങൾ അവയെ നിരീക്ഷിക്കാൻ പഠിക്കുന്നു. 'എനിക്ക് ഇത് ചെയ്യാൻ കഴിയില്ല.' എന്നതിന് പകരം 'എനിക്ക് ഉത്കണ്ഠ തോന്നുന്നു' എന്ന് നിങ്ങൾക്ക് പറയാൻ കഴിയും. ആ മാറ്റം വികാരത്തിലും പ്രവൃത്തിക്കും ഇടയിൽ അകലം സൃഷ്ടിക്കും.

●●●

Source: www.samakalikammalayalam.com

# ബൈബിൾ ക്വിസ് 2025



ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.

**ഗോസ്പൽ മെസഞ്ചറിലൂടെ പ്രസിദ്ധീകരിക്കുന്ന ബൈബിൾ ക്വിസ് 2025 അവസാനിച്ചിരിക്കുന്നു. 11 ഭാഗങ്ങളായി നടത്തപ്പെട്ട ബൈബിൾ ക്വിസ് 2025 ലെ വിജയികളുടെ പേരുകൾ ജനുവരി മാസത്തിലെ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

## ബൈബിൾ ക്വിസ് 2025 - ഭാഗം 11 ശരിയുത്തരങ്ങൾ

1. രക്തം കലർന്നത് (വെളിപ്പാട് 8:7)
2. ദർശകൻ (2 ശമുവേൽ 24:11)
3. കാഞ്ഞിരം (വെളിപ്പാട് 8:10,11)
4. ദാവീദ് ഗാദ് പ്രവാചകനോട് (2 ശമുവേൽ 24:14)
5. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ (വെളിപ്പാട് 8:12)
6. എഴുപതിനായിരം (2 ശമുവേൽ 24:15)
7. മൂന്ന് ദൂതന്മാരുടെ കാഹളനാദം (വെളിപ്പാട് 8:13)
8. പൂർണ്ണ വിജയത്തിന് (ജിഎം. ഒക്ടോബർ പേജ് 7)
9. യെബൂസ്യൻ അരവ്നയുടെ മെതിക്കളത്തിന്നരികെ (2 ശമുവേൽ 24: 16)
10. അഞ്ചാമത്തെ ദൂതന് (വെളിപ്പാട് (9:1)

## ഭാഗം-10 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഐസക്, അന്നമ്മ ഈശോ കുരുവിള, ഗ്രേസി ചാക്കോ, തങ്കച്ചി വർഗീസ്, തങ്കമ്മ ഔസേഫ്, ബിനി റെജി, ലില്ലി ചാക്കോ, ജിൻസി എഡ്ബി, സുജാ മോൾ തോമസ്, സുജ നെൽസൺ

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM - 6.00 PM

**Address** : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556
**Phone** : (+91) 8281616654 (Whatsapp)
**Email** : egmofindia@gmail.com
**Website** : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

ഡോ. വി. പി. മത്തായി വാലയിൽ എഴുതിയ

## 'ദൈവഹിതവും ദൈവശബ്ദവും എങ്ങനെ തിരിച്ചറിയും..?'

എന്ന പുസ്തകം ഇപ്പോൾ വില്പനയിൽ.
ഈ പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**8281616654**






## കലണ്ടർ പ്രകാശനം

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ 2026 - ലെ കലണ്ടർ സെക്രട്ടറി ശ്രീ. സി.സി. ജോസഫ് ശ്രീ. റെജി ജേക്കബിന് നൽകി പ്രകാശനം ചെയ്തു.

## ഗോസ്പൽ ഫെലോഷിപ്പ് ഫാമിലി മീറ്റ്



2025 ഡിസംബർ 25 വ്യാഴാഴ്ച 2.00 pm മുതൽ 8.00 pm വരെ അല്ലപ്ര മിഷൻസെന്ററിൽ വച്ച് ഗോസ്പൽ ഫെലോഷിപ്പ് ഫാമിലി മീറ്റ് നടത്തപ്പെടുന്നു. Rev. റേഷ് ഗോഡ്ലി ചാക്കോ (Vicar കോതമംഗലം MTC) മുഖ്യസന്ദേശം നൽകുന്നതാണ്. പ്രാർത്ഥനാപൂർവ്വം എത്തിച്ചേരണമേ. അംഗത്വം പുതുക്കേണ്ടവരും, പുതുതായി അംഗത്വം വേണ്ടവരും ഓഫീസുമായി ബന്ധപ്പെടുമല്ലോ. Contact: +91 8281616654



## പുതുവത്സര ശുശ്രൂഷ

2025 ഡിസംബർ 31 ബുധനാഴ്ച 7.00 pm മുതൽ 2026 ജനുവരി 1 ന് 12.30 am വരെ അല്ലപ്ര മിഷൻസെന്ററിൽ വച്ച് ആണ്ടവസാന, ആണ്ടാരംഭ ശുശ്രൂഷ ഓൺലൈനായും, ഓഫ് ലൈനായും നടത്തപ്പെടുന്നു. ഏവരെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു. (മുൻകൂട്ടി അറിയിക്കുന്നവർക്ക് താമസ സൗകര്യം ലഭ്യമാണ്).

ഗൂഗിൾ മീറ്റ് മീറ്റിംഗ് കോഡ് : iibyydseq
Contact: +91 8281616654

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/– രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)



Help India Mission

# Kripa Bhavan Daan Yojana

*A Home for the Homeless*

എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും.
(സദൃശ്യവാക്യങ്ങൾ 19:17)



ജമ്മു–കാശ്മീരിലെ നമ്മുടെ മിഷൻ ഫീൽഡിൽ ബ്ര. ജോഗിന്ദർ കുമാർ കുടുംബമായി സുവിശേഷവേല ചെയ്തു വരുന്നു. അവിടെയുള്ള തിലക് രാജിന് സ്വന്തമായൊരു ഭവനമില്ലാതെ ഭാരപ്പെടുന്നു. ടാർപോളിൻ വലിച്ചുകെട്ടി വളരെ പ്രയാസത്തിലാണ് കുടുംബം കഴിയുന്നത്. കൃപ ഭവൻ ദാൻ യോജനയിൽ പങ്കാളിയാകുവാൻ, ഒരു വീടിനായി വളരെ ആഗ്രഹത്തോടും പ്രാർത്ഥനയോടും ഒരുങ്ങിയിരിക്കുകയാണ് ഈ കുടുംബം. നമുക്ക് ജീവിതസൗകര്യങ്ങൾ തന്ന, വീട് തന്ന ദൈവം ഈ പ്രിയപ്പെട്ടവന്റെ അത്യാവശ്യത്തിന് മുമ്പിൽ നമ്മുടെ കരങ്ങളെ തുറക്കുവാൻ ഇടയാക്കട്ടെ.

ഈ പദ്ധതിയുടെ ഭാഗമായി 5 വർഷം കൊണ്ടു ഭവനരഹിതരായിട്ടുള്ളവർക്ക് 400 s.ft. നുള്ളിൽ വരുന്ന വീടുകൾ നിർമ്മിച്ചുനൽകുന്നു. അഞ്ചു വീടുകളുടെ പണികൾ പൂർത്തികരിച്ചു. ആറാമത്തെയും, ഏഴാമത്തെയും വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

വളരെ ആഗ്രഹത്തോടെ നാം ആരംഭിച്ച 'കൃപ ഭവൻ ദാൻ യോജന' എന്ന പദ്ധതിയിലൂടെ ഭാരതഗ്രാമങ്ങളിലെ നമ്മുടെ ഫീൽഡുകളിലെ തലചായ്ക്കാൻ ഇടം ഇല്ലാത്തവർക്ക് ഇടം നൽകേണ്ടതിനായി അർഹതപ്പെട്ടവർക്ക് വീടു നിർമ്മിച്ചു നൽകുവാൻ സംഗതിയാകട്ടെ പ്രാർത്ഥിക്കാം. എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ ഈ പദ്ധതിയിൽ താങ്കളും പങ്കാളി യാകണമേ.

FEDERAL BANK

helpindia1@fbl

ഹെൽപ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി
ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26)
അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

## BANK DETAILS

| HELP INDIA MISSION | V.P. MATHAI *(Official)* |
| --- | --- |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.11.2025

ഗോസ്പൽ മെസഞ്ചർ വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# Morning Fellowship

എല്ലാ ദിവസവും 5.40 am - 6.40 am

Google Meet Meeting Code : iib-yyvd-seq

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്



യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.